കെഎൻഇ ട്രസ്റ്റ് തിരഞ്ഞെടുപ്പ് പതിപ്പ്

Postal Registration No.:KRNA /BGE -1153/ 2018-2020
RNI Reg. No. KARMAL / 2004 / 15090

പ്രവാസഭൂമി PRAVASA BHUMI SINCE 2003

Bengaluru | 2019 June 23 - 29 | Book No.14 Issue No.32 | Page - 4 Price: Rs. 5

# കെഎൻഇ ട്രസ്റ്റ് തിരഞ്ഞെടുപ്പ് ജൂൺ 30ന്

**കൈ**രളീ നികേതൻ എഡ്യൂക്കേഷൻ ട്രസ്റ്റിലേക്കുള്ള ട്രസ്റ്റികളുടെ തെരഞ്ഞെടുപ്പ് ജൂൺ 30ന്. ഓർഡിനറി മണ്ഡലത്തിൽ മൂന്ന് ട്രസ്റ്റികളേയും ഡോണർ മണ്ഡലത്തിൽ നിന്ന് ഒരു ട്രസ്റ്റിയേയയുമാണ് തിരഞ്ഞെടുക്കേണ്ടത്. മൂന്നുവർഷത്തെ കാലാവധി പൂർത്തിയാക്കിയ കെഎൻഇ ഡോണർ ട്രസ്റ്റിയായ ഡോ. കെസി സാമുവൽ ഓർഡിനറി മണ്ഡലത്തിൽ നിന്നുള്ള അംഗങ്ങളായ വിനീഷ്, എം. രാജശേഖരൻ, രാജഗോപാൽ എന്നിവരുടെ ഒഴുവിലേക്കാണ് ഈ വർഷം തിരഞ്ഞെടുപ്പ് വേണ്ടിവരുന്നത്. രാവിലെ ഒമ്പതിമണിമുതൽ വൈകുന്നേരം അഞ്ചു മണിവരെയാണ് തിരഞ്ഞെടുപ്പ് നടക്കുക.

കെഎൻഇ ട്രസ്റ്റ് ഭരണത്തിൽ ജനാധിപത്യരീതികളും സുതാര്യതയും സ്ഥാപിച്ചെടുക്കുന്നതിനായി വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന കേരള സമാജം, കെഎൻഇ ട്രസ്റ്റ് മെമ്പർമാരും ബെംഗളൂരുവിലെ വിവിധ മലയാളി സംഘടന പ്രവർത്തകരും ചേർന്ന് രൂപീകരിച്ച സേവ് കെഎൻഇ ട്രസ്റ്റ് ഫോറത്തിന്റെ ബാനറിലും കേരള സമാജത്തിന്റെ ബാനറിലുമുള്ള സ്ഥാനാർത്ഥികളാണ് പ്രധാനമായും മത്സര രംഗത്തുള്ളത്. ഡോണർ മണ്ഡലത്തിലേക്ക് പ്രഗത്ഭ സാമൂഹിക പ്രവർത്തകനും മുൻ ട്രസ്റ്റിയുമായ ലിങ്കൺ വാസുദേവൻ സേവ് കെഎൻഇ ട്രസ്റ്റ് ഫോറം ബാനറിൽ മത്സരിക്കുമ്പോൾ പരമേശ്വരൻ പി. ആണ് കേരള സമാജം സ്ഥാനാർത്ഥി. ഫ്രാൻസീസ് എം.ജെ, ശ്രീജിത്ത, ജേക്കബ് വർഗ്ഗീസ്, റോസി കെ എന്നിവരാണ് ഓർഡിനറി മണ്ഡലത്തിലെ സ്ഥാനാർത്ഥികൾ.

## 'സ്റ്റേ'യുടെ പരമാവധി കാലാവധി ആറുമാസം സുപ്രീം കോടതി

**കേ**രള സമാജത്തിന്റെ ഭരണം വീണ്ടും അഡ്മിനിസ്ട്രേറ്റർ ഏറ്റെടുക്കുവാൻ ഇനി അവശേഷിക്കുന്നത് ചില സാങ്കേതിക തടസ്സങ്ങൾ മാത്രം. രാജ്യത്തെ എല്ലാ സിവിൽ ക്രിമിനൽ കേസുകളിലുമുള്ള 'സ്റ്റേ'യുടെ പരമാവധി കാലാവധി 6 മാസമായി നിജപ്പെടുത്തികൊണ്ടുള്ള ജസ്റ്റീസ് ആദർശ് കുമാർ ഗോയൽ അദ്ധ്യക്ഷനായുള്ള സുപ്രീം കോടതി മൂന്നംഗ ബഞ്ചിന്റെ വിധിയാണ് കേരള സമാജത്തിനുമേൽ വീണ്ടും അഡ്മിനിസ്ട്രേറ്ററുടെ പൂട്ടുവീഴാൻ വഴിയൊരുക്കിയിരിക്കുന്നത്. ഏഷ്യൻ റീ സർഫയ്സിങ് പ്രൈ.ലിമിറ്റഡ് കമ്പനി V/S സെൻട്രൽ ബ്യൂറോ ഇൻവെസ്റ്റിഗേഷൻ(CBI)കേസിലായിരുന്നു സുപ്രീം കോടതി മൂന്നംഗ ബഞ്ച് സുപ്രധാന വിധി പുറപ്പെടുവിച്ചത്. സുപ്രീം കോടതി വിധി വന്നതോടെ 2016 ജനുവരി 31ന് അഡ്മിനിസ്ട്രേറ്റർ ഭരണത്തിനെതിരെ കേരളസമാജം നേടിയ ഹൈക്കോടതി സ്റ്റേ സ്വാഭാവികമായും റദ്ദാക്കപ്പെട്ടിരിക്കുകയാണ്.

കേരള സമാജത്തിന്റെ ഭരണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് 2016 ഡിസംബർ 27ലെ ഗവ.ഉത്തരവു പ്രകാരം (Gov.Order No .92/2016 Dated 27/12/2016) ഡിസംബർ 28-ാം തീയതി രജിസ്ട്രാർ ഓഫ് സൊസൈറ്റി ഡിസ്ട്രിക് രജിസ്ട്രാർ സുരേഷ് ഗൗഡ കേരളസമാജത്തിന്റെ ഭരണം ഏറ്റെടുത്ത് സമാജം ഓഫീസ് സീൽ ചെയ്തു. തുടർന്ന് കേരള സമാജം ഹൈ കോടതിയെ സമീപിക്കുകയും (Case No. 433/2017 Gov. of Karnataka/kerala Samajam) താൽകാലികമായി ലഭിച്ച സ്റ്റേയുടെ പിൻബലത്തിൽ ഭരണം തുടരുകയുമായിരുന്നു. കർണ്ണാടക ഗവർമ്മെന്റ് എതിർകക്ഷിയായ പ്രസ്തുത കേസിൽ ഗവർമ്മെന്റിനു വേണ്ടി കോടതിയിൽ ഹാജരായ ഗവർമ്മെന്റ് പ്ലീഡറുടെ ഉദാസീനതയായിരുന്നു കേസ് ഇത്രയും കാലം നീണ്ടുപോകുവാൻ കാരണം.

കേസിന്റെ ഓരോ അവധിക്കും കോടതിയിൽ ഹാജരായി ഓരോ കാരണങ്ങൾ പറഞ്ഞ് കേസിന്റെ നാൾവഴികൾ നീട്ടികൊണ്ടു പോവുകയായിരുന്നു നാളിതുവരെ കേരള സമാജം ചെയ്തിരുന്നത്. എന്നാൽ രാജ്യത്തെ സിവിൽ ക്രിമിനൽ കേസുകളിലെ സ്റ്റേയുടെ ആയുസ് നിർണ്ണയിച്ച സുപ്രീം കോടതിയുടെ വിധി വന്നതിനു ശേഷം, പ്രസ്തുത കേസിന്റെ ഹൈക്കോടതിയിലെ നാൾ വഴികൾ പരിശോദിച്ചാൽ അത്തരം ഉദ്യമങ്ങളിൽ നിന്ന് കേരള സമാജം പിൻമാറിയിരിക്കുകയാണെന്ന് വേണം കരുതാൻ.




**കൊടികുത്തി വാണ ക്രമക്കേടുകൾ - പേജ് 2**
(കേരളസമാജത്തെ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലേക്ക് എത്തിച്ച കാരണങ്ങളുടെ വിശകലനം)

## റിട്ടേണിങ് ഓഫീസർ കെഎൻഇ ട്രസ്റ്റ് ഡോണർ മെമ്പർ

ഒരു പക്ഷെ ഈ വർഷത്തെ കെഎൻഇ ട്രസ്റ്റ് തിരഞ്ഞെടുപ്പിലെ ആദ്യ വോട്ടർ ബഹുമാന്യനായ റിട്ടേണിങ്ങ് ഓഫീസർ തന്നെയായിരിക്കും. അതോടെ അര നൂറ്റാണ്ടിലേറെ ചരിത്രമുള്ള കൈരളി നികേതൻ എഡ്യൂക്കേഷൻ ട്രസ്റ്റ് തിരഞ്ഞടുപ്പിൽ റിട്ടേണിങ്ങ് ഓഫീസറായ ആദ്യ മെമ്പർ എന്ന റിക്കാർഡിനു കൂടി റിട്ടേണിങ്ങ് ഓഫീസറായ അഡ്വ. രാജ്മോഹൻ അർഹനായിരിക്കുകയാണ്. സാധാരണയായി വൻ തുക ഫീസ് നൽകി റിട്ടേണിങ്ങ് ഓഫീസറുടെ നിയന്ത്രണത്തിൽ തിരഞ്ഞെടുപ്പ് നടത്തുന്നത് നിഷ്പക്ഷവും നീതിയുക്തവുമായി തിരഞ്ഞെടുപ്പ് നടത്തുവാൻ വേണ്ടിയാണ്. കെഎൻഇ ട്രസ്റ്റിലെ തിരഞ്ഞെടുപ്പുകളിൽ കാലാകാലങ്ങളായി അനുവർത്തിച്ചു വരുന്ന രീതിയും അതായിരുന്നു. ജനാധിപത്യ ഭരണക്രമത്തിന്റെ ഭാഗമായി രാജ്യത്ത് നടന്നു വരുന്ന ചെറുതും വലുതുമായ എല്ലാ തിരഞ്ഞെടുപ്പുകളിലും സാധാരണ അനുവർത്തിച്ചുവരുന്ന അലഖിതവും അലംഘിതവുമായ രീതിയാണിത്. പക്ഷെ ഇവിടെ, മാമൂലുകളും ചട്ടങ്ങളും കാറ്റിൽ പറത്തുക മാത്രമല്ല; ജനാധിപത്യത്തിന്റെ അടിസ്ഥാന മര്യാദകളേയും അതിലൂടെ അടിസ്ഥാന മൂല്യങ്ങളേയും നികൃഷ്ടവും നിന്ദ്യവുമായി ചോദ്യം ചെയ്യുക കൂടിയാണ് കെഎൻഇ ട്രസ്റ്റ് ഭാരവാഹികൾ ചെയ്തിരിക്കുന്നത്. ഡോണർ മെമ്പർമാരുടെ വോട്ടേഴ്സ് ലിസ്റ്റിൽ 1697 നമ്പർ വോട്ടറായ രാജ്മോഹൻ എസ്.നെ റിട്ടേണിങ്ങ് ഓഫീസറാക്കിയതിലൂടെ കേരളസമാജത്തിന്റെ ബാനറിൽ മത്സരിക്കുന്നവർക്കെതിരായി നിൽക്കുന്ന സ്ഥാനാർത്ഥികൾക്ക് വോട്ടർമാരെ നേരിട്ട് കാണുവാനോ ഫോൺ വഴി ബന്ധപ്പെടുവാനോ ഏറ്റവും ചുരുങ്ങിയത് ഒരു ലെറ്റർ അയച്ച് വോട്ട് അഭ്യർത്ഥിക്കുവാനോ ഉള്ള അവസരം നിക്ഷേധിക്കുന്നതിൽ ട്രസ്റ്റ് ഭാരവാഹികൾ വിജയിച്ചിരിക്കാം... തിരഞ്ഞെടുപ്പിനെ പ്രഹസനമാക്കുന്നതിൽ വിജയിച്ചിരിക്കാം. പക്ഷെ, ജനാധിപത്യത്തിന്റെ ഉന്നത മൂല്യങ്ങളാണ് ഇവിടെ കശാപ്പ് ചെയ്യപ്പെട്ടിരിക്കുന്നത്.

## ചിലന്തിവലയിൽ കുടുങ്ങിയ ജനാധിപത്യം




ജനാധിപത്യത്തെ എങ്ങനെയെല്ലാം അട്ടിമറിച്ച് തിരഞ്ഞെടുപ്പ് നടത്താമെന്ന് അറിയണമെങ്കിൽ വേറെ എങ്ങും പോകേണ്ട. 12 ലക്ഷത്തിലേറെ വരുന്ന ബെംഗളൂരു മലയാളികളുടെ സ്വന്തം സ്ഥാപനമായ കൈരളീ നികേതൻ എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ ട്രസ്റ്റി തിരഞ്ഞെടുപ്പ് ശ്രദ്ധിച്ചാൽ മാത്രം മതി; അടിമുടി കൃത്രിമത്വം നടത്തി എങ്ങനെ ഒരു തിരഞ്ഞെടുപ്പിനെ അട്ടിമറിക്കുവാൻ കഴിയുമെന്ന് മനസിലാക്കുവാൻ.

കെഎൻഇ ട്രസ്റ്റിന്റെ തലക്കു മുകളിലൂടെ എക്സ് ഒഫിഷ്യോ ഭരണം നടത്തുന്ന കേരള സമാജത്തിന്റെ ബാനറിൽ മത്സരിക്കുന്ന വിഭാഗവും കെഎൻഇ ട്രസ്റ്റിൽ സുതാര്യതയും ജനാധിപത്യവും പുനസ്ഥാപിക്കണമെന്ന് ആവശ്യവുമായി കഴിഞ്ഞ ഒരു ദശകമായി പ്രവർത്തിക്കുന്ന സേവ് കെഎൻഇ ട്രസ്റ്റ് ഫോറത്തിന്റെ ബാനറിൽ മത്സരിക്കുന്ന വിഭാഗവും തമ്മിലാണ് ജൂൺ 30ന് നടക്കുന്ന തിരഞ്ഞെടുപ്പിൽ ഏറ്റുമുട്ടുന്നത്. സ്ഥിര മെമ്പർമാരായ ഡോണർ മെമ്പർ ഉൾപ്പെടുന്ന ഡോണർ കോൺസ്റ്റിറ്റുവൻസി, വർഷാവർഷം മെമ്പർഷിപ്പ് പുതുക്കേണ്ടുന്ന മെമ്പർമാരുൾപ്പെടുന്ന ഓർഡിനറി കോൺസ്റ്റിറ്റ്യുവൻസി എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായിട്ടാണ് മത്സരം.

പുതിയവർക്ക് മെമ്പർഷിപ്പ് കൊടുക്കുമ്പോഴും പഴയ മെമ്പർമാരുടെ മെമ്പർഷിപ്പ് പുതുക്കുമ്പോഴും തിരഞ്ഞെടുപ്പിൽ വിജയം ഉറപ്പിക്കുവാനുള്ള കൃത്രിമത്വം ആരംഭിക്കുകയായി. ഭരണ സമിതിക്ക് വ്യക്തമായ മുൻതൂക്കം ഉറപ്പാക്കുന്ന തരത്തിലായിരിക്കും ഇവരണ്ടും നടക്കുക.

തിരഞ്ഞെടുപ്പ് അട്ടിമറിക്കുവാനുള്ള രണ്ടാം ഘട്ടം ആരംഭിക്കുന്നത് തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ ആരംഭിക്കുമ്പോഴാണ്. ഈ വർഷത്തെ കെഎൻഇ ട്രസ്റ്റ് തിരഞ്ഞെടുപ്പ് നടപടികൾക്ക് തുടക്കം കുറിച്ചത് കഴിഞ്ഞ മെയ് 31നായിരുന്നു. നാമനിർദ്ദേശ പത്രിക സമർപ്പണം ജൂൺ 7ന്. പത്രിക പിൻവലിക്കുന്ന അവസാന തീയതി ജൂൺ 14. അതായത് 7 ദിവസത്തെ ഇടവേളക്ക് ശേഷം. ദേശീയ തിരഞ്ഞെടുപ്പുകൾക്കു പോലും നോമിനേഷൻ സമർപ്പണവും പത്രിക പിൻവലിക്കുന്ന ദിവസവും തമ്മിൽ മൂന്നോ നാലോ ദിവസങ്ങളുടെ വിത്യാസം ഉള്ളപ്പോഴാണ് കെഎൻഇ ട്രസ്റ്റിൽ അതിന് ഏഴ് ദിവസത്തെ ഇടവേള എടുക്കുന്നത്.

ഔദ്യോഗിക വിഭാഗത്തിനെതിരെ മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്ക് അന്നു തുടങ്ങി തിരഞ്ഞെടുപ്പ് പ്രചാരണം തുടങ്ങാൻ കഴിയുമെന്ന് കരുതിയാൽ തെറ്റി. റിട്ടേണിങ്ങ് ഓഫീസർ പിന്നീടെന്നോ വിളിച്ചു ചേർക്കുന്ന കാൻഡിഡേറ്റ് മീറ്റിനു ശേഷം മാത്രമേ വോട്ടേർസ് ലിസ്റ്റ് കൊടുക്കുകയുള്ളൂ. ഇക്കുറി ജൂൺ 19ന് ബുധനാഴ്ച വൈകുന്നേരം 5 മണിക്കായിരുന്നു കാൻഡിഡേറ്റ് മീറ്റ്. അതോടെ സ്ഥാനാർത്ഥികൾക്ക് ഇലക്ഷൻ പ്രചാരണത്തിന് ലഭിക്കുന്നത് വെറും 10 ദിവസം മാത്രം. കേരള സമാജത്തിന്റെ ബാനറിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്ക് നോമിനേഷൻ കൊടുക്കുന്ന അന്നു തന്നെ ഫോൺനമ്പർ അടക്കം സംമ്പൂർണ്ണ വിവരങ്ങൾ അടങ്ങിയ വോട്ടർ പട്ടിക ലഭ്യമാണെന്നിരിക്കെയാണ് എതിർസ്ഥാനാർത്ഥികൾക്ക് തിരഞ്ഞെടുപ്പിന് വിരലിലെണ്ണാവുന്ന ദിവസങ്ങൾക്ക് മുമ്പുമാത്രം വോ ട്ടേർസ് ലിസ്റ്റ് കൊടുക്കുന്നത്.

ഏതാണ്ട് 2000ത്തിലേറെ പേരാണ് വോട്ടർമാരായി കെഎൻഇ ട്രസ്റ്റിലുള്ളത്. എന്നുവച്ചാൽ ഒരു ദിവസം വോട്ടഭ്യർത്ഥനയുമായി കാണേണ്ടത് 200ലേറെ വോട്ടർമാരെ. ഇത് തികച്ചും അസാദ്ധ്യമായ കാര്യമാണെന്നിരിക്കെ ഓരോ വോട്ടർമാരേയും ഫോണിൽ വിളിച്ച് വോട്ട് അഭ്യർത്ഥിക്കാമെന്നു വച്ചാൽ അതും നടക്കില്ല. സ്ഥാനാർത്ഥികൾക്ക് കെഎൻഇ ട്രസ്റ്റിൽ നിന്നു ലഭിച്ചിരിക്കുന്ന വോട്ടർസ് ലിസ്റ്റിൽ ഒരൊറ്റ മെമ്പർമാരുടേയും ഫോൺ നമ്പർ ഇല്ല എന്നതാണ് കാരണം. റിട്ടേണിങ്ങ് ഓഫിസറോട് ഫോൺ നമ്പർ ഉൾപ്പെടെയുള്ള വോട്ടേർസ് ലിസ്റ്റ് ആവശ്യപ്പെട്ടപ്പോൾ നിസഹായനായി കൈമലർത്തുകയായിരുന്നു അദ്ദേഹം.

കേരള സമാജത്തിന്റെ ബാനറിൽ മത്സരിക്കുന്നവർക്കെതിരെ നിൽക്കുന്ന സ്ഥാനാർത്ഥികൾക്ക് പിന്നെ വോട്ടർമാരോട് വോട്ട് അഭ്യർത്ഥിക്കുവാൻ ഒരു വഴി മാത്രമേ അവശേഷിക്കുന്നുള്ളൂ. വോട്ടഭ്യർത്ഥിച്ചു കൊണ്ടുള്ള ലെറ്ററുകൾ പോസ്റ്റ് ചെയ്യുക. ഇവിടെ അതും തികച്ചും അസാദ്ധ്യമാണ്. കാരണം തന്നിരിക്കുന്ന വോട്ടർ പട്ടികയിൽ 50ശതമാത്തിലേറെ വോട്ടർമാരുടെ അഡ്രസ്സും അപൂർണ്ണമാണ്. കൃത്യമായ വിതരണത്തിന് പൂർണ്ണമായ മേൽവിലാസത്തിനോടൊപ്പം ഫോൺ നമ്പറുകൂടി ചേർക്കണമെന്ന് പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നിഷ്കർഷിക്കുമ്പോൾ പിൻകോഡുപോലും ഇല്ലാതെ അപൂർണ്ണമായ അഡ്രസ്സിൽ അഭ്യർത്ഥനകൾ പോസ്റ്റ് ചെയ്താൽ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ കത്ത് മേൽവിലാസക്കാരന് ലഭിക്കില്ല എന്ന കാര്യം ഉറപ്പ്.

ഒരു കാരണവശാലും സ്ഥാനാർത്ഥികൾ വോട്ടർമാരുമായി ബന്ധപ്പെടുവാൻ പാടില്ല എന്ന് കെഎൻഇ ട്രസ്റ്റ് ഭാരവാഹികൾ ഉറപ്പിച്ച് നീക്കങ്ങൾ നടത്തുകയും നിഷ്പക്ഷമായി തിരഞ്ഞെടുപ്പ് നടത്തുവാൻ നിയമിക്കപ്പെട്ട റിട്ടേണിങ് ഓഫീസർ എല്ലാ കൊള്ളരുതായ്മകൾക്കും കൂട്ടു നിൽക്കുകയും ചെയ്യുമ്പോൾ കെഎൻഇ ട്രസ്റ്റിൽ നടക്കുന്നത് ജനാധിപത്യ രീതിയിലുള്ള തിരഞ്ഞെടുപ്പല്ല തിരഞ്ഞെടുപ്പ് പ്രഹസനം മാത്രമാണ്. അതിനാൽ സോഷ്യൽ മീഡിയകളിലൂടെ മാത്രം തിരഞ്ഞെടുപ്പ് പ്രചാരണം നടത്താൻ നിർബ്ബന്ധിതരായിരിക്കുകയാണ് സേവ് കെഎൻഇ ട്രസ്റ്റ് സ്ഥാനാർത്ഥികൾ.

ഇതുകൊണ്ടു മാത്രം തീരുന്നില്ല പൊതു തിരഞ്ഞെടുപ്പുചട്ട വിരുദ്ധ പ്രവർത്തനങ്ങൾ. സാധാരണയായി ബാലറ്റുപേപ്പറിൽ പേര് വരുന്നത് ഒന്നെങ്കിൽ അക്ഷരമാല ക്രമത്തിലോ അല്ലങ്കിൽ മെമ്പർഷിപ്പ് നമ്പർ ക്രമത്തിലോ ആയിരിക്കും. എന്നാൽ ഇവിടെ യാതൊരു മാനദണ്ഡവും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ഇരുമണ്ഡലങ്ങളിലേയും ബാലറ്റു പേപ്പറുകളിൽ ആദ്യ നമ്പറുകൾ കേരള സമാജം സ്ഥാനാർത്ഥികൾക്ക് നൽകുകയായിരുന്നു. ഇതിനെപറ്റി ചോദിച്ചപ്പോൾ നോമിനേഷൻ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ബാലറ്റുപേപ്പറിൽ നമ്പറുകൾ നൽകിയതെന്നായിരുന്നു വിശദീകരണം. എന്നാൽ നോമിനേഷൻ സമർപ്പണ ദിവസം റിട്ടേണിങ് ഓഫീസറുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നില്ല. കെഎൻഇ ട്രസ്റ്റ് ജീവനക്കാരുടെ പക്കലയായിരുന്നു നോമിനേഷൻ സമർപ്പിച്ചത്. നോമിനേഷൻ പേപ്പർ വാങ്ങി വച്ചതല്ലാതെ അത്രേഖപ്പെടുത്തുകയോ റിക്കാർഡാക്കുകയോ ചെയ്തിട്ടില്ല പിന്നെ എന്തിന്റെ അടിസ്ഥാനത്തിലാണ് ബാലറ്റ് പേപ്പറുകളിൽ സ്ഥാനാർത്ഥികളുടെ ക്രമനമ്പർ നിർണ്ണയിച്ചത് എന്നത് ദുരൂഹമായി തുടരുകയാണ്.

150 കോടിയുടെ ആസ്ഥിയും കോടികളുടെ ടേൺഓവറുമുള്ള എട്ടോളം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണം കൈവിട്ടുപോകുമോ എന്ന ഭയമായിരിക്കാം ഇത്തരം നഗ്നമായ ജനാധിപത്യ ധ്വംസനങ്ങൾക്ക് കെഎൻഇ ട്രസ്റ്റ് ഭാരവാഹികളെ പ്രേരിപ്പിക്കുന്നത്. ഇവിടെയാണ് കെഎൻഇ ട്രസ്റ്റ് ഭാരവാഹികളുടെ കൈകൾ ശുദ്ധമല്ല എന്ന സംശയം കൂടുതൽ ശക്തമാകുന്നത്.



സേവ് കെഎൻഇ ട്രസ്റ്റ് ഫോറം ബാനറിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്ക് നൽകിയ വോട്ടേർസ് ലിസ്റ്റ്. ഏതെങ്കിലും തരത്തിൽ അപൂർണ്ണമായ അഡ്രസ്സുകളാണ് വൃത്തത്തിൽ കൊടുത്തിരിക്കുന്നത്.




**സ്ഥാനാർത്ഥികൾക്ക് കൊടുത്ത വോട്ടേർസ് ലിസ്റ്റിലെ ഒരു സാമ്പിൾ മേൽവിലാസം.** ഉദയനഗർ വിശാലമായ റെസിഡൻഷ്യൽ ഏരിയയാണ് നിരവധി മെയിൻ റോഡുകളും അതിലേറെ ക്രോസ് റോഡുകളും ഉപ ക്രോസ് റോഡുകളും ഉള്ള മേഖല. ഓരോ മെയിൻ റോഡുകളിലും ബിൽഡിങ് നമ്പർ ആരംഭിക്കുന്നത് ഒന്നു മുതലാണ്. ഈ മേൽവിലാസക്കാരനെ കണ്ടെത്താൻ ആർക്കെങ്കിലും സാധിക്കുമോ?.

*ദുഷ്ടതയിലൂടെ ആരും നിലനിൽപ് നേടുന്നില്ല*
*നീതിമാന്മാർ ഒരിക്കിലും ഉന്മൂലനം ചെയ്യപ്പെടുന്നുമില്ല.*
*- സുഭാഷിതങ്ങൾ -12-3.*


# പ്രവാസഭൂമി

**1194 മിഥുനം 8-14**


കേരള ഗവർണ്ണർ അദ്ധ്യക്ഷൻ, സുപ്രീം കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ, അഡ്വക്കേറ്റ് ജനറൽ ആയിരുന്ന നാരായണൻ പോറ്റി, നിയമ വകുപ്പ് മന്ത്രിയായിരുന്ന കെ.ചന്ദ്രശേഖർ അടക്കമുള്ള പ്രഗത്ഭർ അംഗങ്ങൾ. തലസ്ഥാനമായ തിരുവനന്തപുരത്തിന്റെ ഹൃദയഭാഗമായ പേരൂർക്കടയിൽ സർക്കാർ നൽകിയ 11.49 ഏക്കർ സ്ഥലം. കേരള ലോ അക്കാദമിയുടെ പിറവി അങ്ങനെയായിരുന്നു. എന്നാൽ അരനൂറ്റാണ്ട് പിന്നിട്ടപ്പോഴേക്കും ആയിരം കോടിയോളം വിലമതിക്കുന്ന സ്വത്തും സ്ഥാപനങ്ങളും ഏതാനും പേരുടെ സമർത്ഥമായ കരുനീക്കങ്ങളിലൂടെ എങ്ങനെ ഒരു കുടുംബ ട്രസ്റ്റിന്റെ കീഴിൽ സ്വകാര്യ സ്വത്ത് ആയി മാറി എന്നു കേരളം അത്ഭുതത്തോടെയാണ് അറിഞ്ഞത്.

ഇതേ സാഹചര്യമാണ് ബെംഗളൂരു മലയാളികളുടെ പൊതു സ്വത്തായ കെഎൻഇ ട്രസ്റ്റിലും സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഏഴ് ദശാബ്ദങ്ങൾക്കു മുമ്പ് ബെംഗളൂരു മലയാളികളുടെ കൂട്ടായ പരിശ്രമം കൊണ്ട് രൂപം കൊണ്ട കൈരളി നികേതൻ വിദ്യാലയം 100കോടിയിൽപരം ആസ്ഥിയുമുള്ള ഒമ്പത് വിദ്യാഭ്യാസ സ്ഥാപനങ്ങളും ബെംഗളൂരു മലയാളികളുടെ അഭിമാന സ്ഥാപനമായി മാറിയപ്പോൾ കഴുകൻ കണ്ണുകളുമായി അതിനുചുറ്റും വട്ടമിട്ടു പറക്കുന്നവരുടെ എണ്ണം ദിനം പ്രതി കൂടി വരുകയാണ്. അതിനു തടയിടുവാനുള്ള മലയാളികളുടെ ഓരോ ശ്രമങ്ങളും ട്രസ്റ്റ് എന്ന മഹാമേരുവിൽ തട്ടി തകർന്നടിയുമ്പോൾ കെഎൻഇ ട്രസ്റ്റിന്റെ ഭാവിയെപ്പറ്റി ഉയരുന്നത് ആശങ്കകൾ മാത്രം.

1992ലെ ഹൈക്കോടതി വിധിയോടെ പബ്ലിക് ട്രസ്റ്റായി രൂപം മാറിയ കൈരളി നികേതൻ അതിനു ശേഷം കാൽ നൂറ്റാണ്ട് തികയുമ്പോഴും ഏതാനും വ്യക്തികളുടെ സ്വകാര്യ സ്വത്തെന്ന ധാർഷ്ട്യത്തിനു കീഴിൽ തുടരുകയാണ്. ഇതിനൊരു മാറ്റം വരുത്തുമെന്ന പ്രതീക്ഷയിലാണ് കെഎൻഇട്രസ്റ്റിന്റെ ഭരണം ബാംഗ്ലൂർ കേരള സമാജത്തിനെ ഏൽപ്പിച്ചു കൊടുത്തതെങ്കിലും ഫലം തൈവെ!. ട്രസ്റ്റിന്റെ ഭരണം കേരള സമാജത്തിനു കീഴിൽ എട്ടാം വർഷത്തിലേക്കു കടക്കുമ്പോൾ ഏതാനും വ്യക്തികൾ കേരള സമാജത്തെത്തന്നെ ഹൈജാക്ക് ചെയ്തുകൊണ്ട് കെഎൻഇ ട്രസ്റ്റിൽ നേടിയ ആധിപത്യം ഉറപ്പിക്കുവാൻ നടത്തുന്ന നാടകങ്ങളാണ് ഇന്ന് നമുക്കു മുമ്പിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്.

കേരള സമാജം ഭരണസമിതിയെ പിരിച്ചുവിട്ടുകൊണ്ട് സംസ്ഥാന ഗവർമ്മെന്റ് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയതും; ലക്ഷങ്ങൾ ചിലവഴിച്ച് അഡ്മിനിസ്ട്രേറ്റർ ചുമതല വഹിക്കുന്നത് താൽക്കാലികമായി മരവിപ്പിച്ച് ഹൈക്കോടതി ഉത്തരവ് വാങ്ങിയതും; ഹൈക്കോടതി ഉത്തരവിനെ ദുർവ്യാഖ്യാനം നടത്തി അഡ്മിനിസ്ട്രേറ്റർ ഭരണം ഹൈക്കോടതി റദ്ദാക്കി എന്ന് പ്രചരിപ്പിച്ചതും; അതിന്റെ പിൻബലത്തിൽ നടന്നതും നടക്കാത്തതുമായ പരിപാടികൾ മുഖ്യധാരാപത്രങ്ങളുടെ കോളങ്ങളിലൂടെ കറുത്ത മഷിപുരട്ടി പ്രകാശിപ്പിച്ച് തങ്ങൾ സജീമാണെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ പാടുപെടുന്നതുമെല്ലാം അതിന്റെ ബാക്കിപത്രമാണ്.

ലക്ഷ്യം ഒന്നേയുള്ളൂ... കെഎൻഇ ട്രസ്റ്റിലുള്ള തങ്ങളുടെ ആധിപത്യം ഉറപ്പിക്കുക. അതിനു വേണ്ടത് ഇപ്പോൾ ഒഴിവുവന്നിരിക്കുന്ന നാലു ട്രസ്റ്റിസ്ഥാനങ്ങളിൽ കൂടി തങ്ങളുടെ പപ്പറ്റുകളെ വിജയിപ്പിച്ചെടുത്ത് ട്രസ്റ്റിൽ മൃഗീയ ഭൂരിപക്ഷം നലനിർത്തുക.. അതിന് എന്ത് കുത്സിത പ്രവർത്തനങ്ങൾ നടത്തുന്നതിനും എത്ര ലക്ഷങ്ങൾ മുടക്കുന്നതിനും അവർ തയ്യാറാണ്. കെഎൻഇ ട്രസ്റ്റെന്ന അക്ഷയ പാത്രം തങ്ങളുടെ നിയന്ത്രണത്തിൽ ഉള്ളടത്തോളം കാലം പണത്തിനു ഒരുക്കലും മുട്ടുണ്ടാവില്ല എന്ന് അനുഭവങ്ങൾ അവരെ പഠിപ്പിച്ചു കഴിഞ്ഞു.

ഇതിനുവേണ്ടിയുള്ള അടിത്തറയൊരുക്കുകയാണ് കേരള സമാജത്തേയും ട്രസ്റ്റിനേയും ഇന്ന് നിയന്ത്രിക്കുന്നവർ. അതിനായി കേരള സമാജത്തിൽ തങ്ങളുടെ അപ്രമാദിത്യം അംഗീകരിക്കാത്തവരെയെല്ലാം ഒതുക്കി മൂലക്കിരുത്തി. എതിർക്കുന്നവർ പുറത്താവുകയോ പുറത്താക്കപ്പെടുകയോ ചെയ്തു. ട്രസ്റ്റിലാകട്ടെ താക്കോൽ സ്ഥാനങ്ങളിലെല്ലാം പഞ്ചപുച്ഛമടക്കി നിൽക്കുന്ന വിധേയരെ പ്രതിഷ്ഠിച്ചു. പുതിയ മെയിന്റെയിൻസ് വർക്കുകളും മറ്റും സൃഷ്ടിച്ച് രണ്ടും മൂന്നും മടങ്ങ് ലാഭത്തിനു നൽകികൊണ്ടും സ്ഥാനമാനങ്ങൾ ഓഫറു ചെയ്തു കൊണ്ടും എന്തും ചെയ്യാൻ തയ്യാറായ ഉപഗ്രഹങ്ങളെക്കൊണ്ട് തങ്ങൾക്കു ചുറ്റും കോട്ടകെട്ടി സുരക്ഷിതമാക്കി. തങ്ങളുടെ സ്വന്തം വോട്ടർമാരെ നിലനിർത്തിക്കൊണ്ട് ബാക്കിയെല്ലാവരേയും വെട്ടിനിരത്തിയും സ്വന്തക്കാർക്കു മാത്രം പുതിയ മെമ്പർഷിപ്പ് നൽകിക്കൊണ്ടും വോട്ടേഴ്സ് ലിസ്റ്റ് തങ്ങൾക്ക് അനുകൂലമാക്കി മാറ്റി. 6000ലേറെ വോട്ടർമാരുണ്ടായിരുന്ന കെഎൻഇ ട്രസ്റ്റിന്റെ ഓർഡിനറി മണ്ഡലത്തിൽ ഇന്നുള്ള വോട്ടർമാർ 630 മാത്രമാണെന്ന് അറിയുമ്പോഴാണ് വ്യക്തമായ പ്ലാനുകളോടെ നടത്തിയ കരുനീക്കങ്ങൾ എത്ര കുടിലത നിറഞ്ഞതായിരുന്നുവെന്ന് മനസ്സിലാകുക.

എല്ലാം തങ്ങൾക്കനുകൂലമാക്കി എന്ന് ആശ്വസിച്ചിരിക്കുമ്പോഴാണ് വെള്ളിടിപോലെ കേരള സമാജത്തിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറത്തിറങ്ങുന്നത്. ആ ഉത്തരവിനെ ഹൈക്കോടതി സ്റ്റേ കൊണ്ടു താൽകാലികമായി തളക്കുവാൻ കഴിഞ്ഞുവെങ്കിലും ഡെമോക്ലീസിന്റെ തലക്കുമുകളിൽ തൂങ്ങിയ വാളുപോലെ ഭയപ്പെടുത്തികൊണ്ടിരിക്കുകയായിരുന്നു. ആ ഭയം സത്യമാകാൻ പോവുകയാണ് അതോടെ കേരള സമാജത്തേയും കെഎൻഇ ട്രസ്റ്റിനേയും രക്ഷിച്ചെടുക്കുവാനുള്ള ബെംഗളൂരു മലയാളികളുടെ അവസാന സാധ്യതയാണ് തുറക്കപ്പെടുന്നത്. ഈ സാധ്യത ഉചിതമായി ഉപയോഗിക്കുവാൻ കഴിഞ്ഞില്ല എങ്കിൽ തിരുവനന്തപുരത്തുള്ള കേരള ലോ അക്കാദമിയെ പോലെ കെഎൻഇ ട്രസ്റ്റും സ്വകാര്യ സ്വത്തായി മാറുന്ന കാലം വിദൂമായിരിക്കില്ല.

**എഡിറ്റർ**


**PRAVASABHUMI NEWS WEEKLY**
One & Only Malayalam News Weekly From Karnataka
THE MIRROR OF KARNATAKA MALAYALIES
Email
pravasabhumi@gmail.com
The News protal of Bengaluru malayalies
www.pravasabhumi.com
PH: +91 97429 92434


## ബാംഗ്ലൂർ കേരള സമാജം

Pb News Service

# കൊടികുത്തി വാഴുന്ന ക്രമക്കേടുകൾ

**ലോക** പ്രവാസി മലയാളി സമൂഹത്തിന്റെ മുമ്പിൽ തല കുനിച്ചു നിൽക്കേണ്ട ഗതികേടിലാണ് ബെംഗളൂരു മലയാളികൾ. അതിന് കാരണമായിരിക്കുന്നതോ പച്ചക്കള്ളങ്ങൾ ആവർത്തിച്ചാവർത്തിച്ച് അതിനെ സത്യമെന്ന് വരുത്തിതീർക്കുന്ന ഗീബൽസ്യൻ തന്ത്രംപയറ്റുന്ന ബാംഗ്ലൂർ കേരള സമാജം ഭാരവാഹികളും. അസത്യങ്ങളെ സത്യവത്കരിക്കുവാൻ ചതുരുപായങ്ങളും പയറ്റുന്ന സമാജം ഭാരവാഹികൾ അതിനെതിരെ പ്രതികരിക്കുന്നവരുടെ നേരെ വ്യക്തിഹത്യ ഉൾപ്പെടെയുള്ള നെറികെട്ട പ്രചരണമാണ് അഴിച്ചുവിടുന്നത്. ഭരണസമിതി നടത്തുന്ന ചട്ടവിരുദ്ധ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ പേരിൽ പ്രവാസഭൂമിക്കെതിരേയും സംഘടിത നീക്കമായിരുന്നു കേരള സമാജം ഭാരവാഹികൾ നടത്തിയത്.

കേരള സമാജം ഭാരവാഹികളുടെ വഴിവിട്ട പ്രവർത്തനങ്ങളുടെ ഞെട്ടിക്കുന്ന വിവരങ്ങളാണ് മാസങ്ങൾ നീണ്ടു നിന്ന രജിസ്ട്രാറുടെ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു രാജ്യത്തെ പ്രവാസി മലയാളി സംഘടനകളുടെ ചരിത്രത്തിൽ ആദ്യമായി ഒരു പ്രവാസി മലയാളി സംഘടനയുടെ ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുവാൻ ഒരു സംസ്ഥാന ഭരണകൂടം തയ്യാറായത്. കർണ്ണാടക ഗവർമ്മെന്റിന്റെ ഈ നടപടി ലോക പ്രവാസി മലയാളി സമൂഹത്തിനിടയിൽ വ്യാപകമായ ചർച്ചക്കാണ് വഴിവെച്ചത്.

രജിസ്ട്രാർ ഓഫ് സൊസൈറ്റിക്കു മുമ്പിൽ കേരള സമാജം ഭരണസമിതി അംഗങ്ങളായിരുന്ന മനോഹരൻ, സതീഷ് കുമാർ, സുധാകരൻ രാമന്തളി, ഒ.വി ചിന്നൻ തുടങ്ങിയവർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു ഡിപ്പാർട്ട്മെന്റു തല അന്വേഷണം ആരംഭിച്ചത്. ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ എല്ലാംതന്നെ സത്യമാണെന്ന് തെളിയുകയും അതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയെ പിരിച്ചു വിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ അനുഭവങ്ങളിൽ നിന്ന് പാഠം പഠിക്കാതെ പച്ചക്കള്ളങ്ങൾ പടച്ചുവിടുന്നത് തുടരുകയായിരുന്നു കേരള സമാജത്തിന്റെ ഭാരവാഹികൾ.

കേരള സമാജം ഭരണസമിതി അംഗങ്ങൾ തന്നെ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ആയിരുന്നു ഡിപ്പാർട്ട്മെന്റ് അന്വേഷണം ആരംഭിച്ചത്. അതോടെ അക്കൗണ്ടുകളും മറ്റ് റിക്കാർഡുകളുമെല്ലാം തയ്യാറാക്കുവാൻ കേരള സമാജം ഭാരവാഹികൾക്ക് നെട്ടോട്ടം ഓടേണ്ടിവന്നു. എന്നാൽ 2011–12, 2012–13 കാലഘട്ടങ്ങളിൽ കണക്കവതരിപ്പിച്ച അന്നത്തെ ട്രഷറർ പിന്നീടുള്ള വർഷങ്ങളിലെ കണക്കവതരിപ്പിക്കുവാൻ തയ്യാറായില്ല. അതിനു കേരള സമാജം സെക്രട്ടറി നൽകിയ വിശദീകരണം സാങ്കേതകത്വം മൂലമാണ് കണക്കവതരിപ്പിക്കുവാൻ കഴിയാഞ്ഞത് എന്നായിരുന്നു. എന്നാൽ ട്രഷററിന്റെ അറിവോ സമ്മതമോ കൂടാതെയാണ് ആ കാലഘട്ടങ്ങളിൽ കേരളസമാജത്തിന്റെ സാമ്പത്തിക ഇടപാടുകൾ നടന്നിരുന്നത് എന്ന് അന്നത്തെ ട്രഷറർ ആയ ഒ.വി ചിന്നൻ പറയുന്നു. അദ്ദേഹം എ.സി. എം. എം കോടതിയിൽ സമർപ്പിച്ച പരാതിയിൽ തെളിവായി കൊടുത്ത ചെക്കുകളിൽ ഒപ്പിട്ടിരിക്കുന്നത് പ്രസിഡന്റും സെക്രട്ടറിയും കൂടിയാണ്. ആ കാലഘട്ടങ്ങളിൽ കേരളസമാജം നടത്തിയ എല്ലാ ബാങ്ക് ഇടപാടുകളിലും ക്രയവിക്രയം നടത്തിയിരിക്കുന്നത് സെക്രട്ടറിയാണെന്നതിന് ബാങ്ക് രേഖകൾ തന്നെ മതിയായ തെളിവാണ്. കേരളസമാജത്തിന്റെ ട്രഷറർ നിലവിലുള്ളപ്പോൾ അദ്ദേഹത്തെ അറിയിക്കാതെ ക്രയവിക്രയം നടത്തുവാൻ നിയമാവലിയുടെ ഏത് വകുപ്പാണ് സെക്രട്ടറിക്ക് അനുവാദം നൽകിയിരിക്കുന്നത്?.

**എന്നാൽ ഇതേ ചെക്കുകൾ ചൂണ്ടിക്കാട്ടി ട്രഷറർ പണമിടപാടിൽ കൃത്രിമത്വം കാട്ടിയെന്ന് ട്രഷറർക്കെതിരെ പോലീസിൽ പരാതി നൽകുക എന്ന വിചിത്രമായ നടപടിയിലേക്കായിരുന്നു കേരള സമാജം സെക്രട്ടറി നീങ്ങിയത്. ഈ കള്ള പരാതി ഇപ്പോൾ കേരള സമാജം സെക്രട്ടറിയെ തന്നെ തിരിഞ്ഞു കൊത്തിയിരിക്കുകയാണ്.**

കൃത്യമായ രീതിയിൽ അക്കൗണ്ട് സൂക്ഷിക്കുന്നില്ല. മെമ്പർഷിപ്പ് തുക അക്കൗണ്ടിൽ വരവുവെക്കുന്നില്ല. മരിച്ചുപോയവരും ബാംഗ്ലൂർ വിട്ട് നാട്ടിലേക്ക് മടങ്ങിയവരുമായ പഴയകാല മെമ്പർമാരുടെ പേരുവെട്ടി പകരം അതേ സ്ഥാനത്ത് പുതിയ മെമ്പർമാരെ ചേർത്ത് അവരുടെ മെമ്പർഷിപ്പ് ഫീസ് അക്കൗണ്ടിൽ ചേർക്കാതെ തിരിമറിചെയ്യുന്നു, കേരള സമാജത്തിന്റെ പേരിലാണ് നടക്കുന്നതെങ്കിലും ഐഎഎസ് അക്കാദമിയെ സംബന്ധിച്ച ഒരു രേഖകളും കേരളസമാജത്തിൽ സൂക്ഷിക്കുന്നില്ല എന്നിങ്ങനെ ഒട്ടനവധി പരാതികളായിരുന്നു രജിസ്ട്രാറുടെ മുമ്പിൽ കേരള സമാജം പ്രവർത്തകർ ഉന്നയിച്ചത്. ഇക്കാര്യങ്ങളെല്ലാം അന്വേഷണം നടത്തിയ ഡപ്യൂട്ടി രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടതായാണ് അന്വഷണ റിപ്പോർട്ടിൽ നിന്നു കിട്ടുന്ന സൂചന.

കേരള സമാജം ഭരണസമിതിയുടെ കാലാവധി രണ്ടു വർഷമാക്കി ഭേദഗതി വരുത്തിയതുൾപ്പെടെയുള്ള എല്ലാ തീരുമാനങ്ങളും സബ്ബ് രജിസ്റ്റാർ ഓഫ് സൊസൈറ്റി മുമ്പാകെ സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തുവെന്നായിരുന്നു ഭാരവാഹികൾ മെമ്പർമാരെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരുന്നത്. എന്നാൽ രജിസ്ട്രറുടെ അന്വേഷണത്തിൽ ഇതെല്ലാം വ്യാജമാണെന്നായിരുന്നു തെളിഞ്ഞത്.

കേരള സമാജത്തിന്റെ എല്ലാ റിക്കാർഡുകളുമായി ഡപ്യൂട്ടി രജിസ്ട്രാർ മുമ്പാകെ ഹാജരാകുവാൻ കേരള സമാജത്തിന് ആദ്യ നോട്ടീസ് കൊടുത്തത് 2016 ഓഗസ്റ്റ് 11ന് ആയിരുന്നു. എന്നാൽ അന്നേ ദിവസം രേഖകൾ ഹാജരാക്കുവാൻ ഭാരവാഹികൾക്ക് കഴിഞ്ഞില്ല. തുടർന്ന് ഓഗസ്റ്റ് 25, സെപ്തംബർ 7 തീയതികളിലേക്ക് അവധി നീട്ടി നൽകിയിട്ടും സബ്ബ് രജിസ്ട്രാർ ഓഫീസിൽ നിന്നു അംഗീകാരം നേടിയെന്നു പറയുന്ന രേഖകളടക്കം കേരള സമാജത്തിന്റെ റിക്കാർഡുകൾ ഹാജരാക്കുന്നതിൽ സമാജം ഭാരവാഹികൾ പരാജയപ്പെട്ടു.

കേരള സമാജത്തിന്റെ മുൻകാല വർഷങ്ങളിലെ വരവു ചിലവ് കണക്കുകളില്ല...മുൻകാലങ്ങളിലെ മിനുട്ട്സ് ബുക്കുകളോ കണക്കുബുക്കുകളോ ഇല്ല... മെമ്പർഷിപ്പ് ബുക്കുകളില്ല... വരവുകൾക്ക് റസീപ്റ്റില്ല... ചിലവുകൾക്ക് വൗച്ചറുകളില്ല... കേരള സമാജത്തിന്റെ വരവു-ചിലവു കണക്കുകൾക്കൊന്നും അക്കൗണ്ടബിലിറ്റിയില്ല!. രേഖകളൊന്നും ഓഫീസിൽ സൂക്ഷിക്കുന്നില്ല!! അല്ലെങ്കിൽ ഇവയൊന്നും രജിസ്ട്രാർ ഓഫ് സൊസൈറ്റി മുമ്പാകെ സമർപ്പിക്കുവാനോ ഡപ്യൂട്ടി രജിസ്ട്രാർ നടത്തിയ അന്വേഷണത്തിൽ ഇവയ്ക്കൊന്നും വ്യക്തമായ വിശദീകരണം കൊടുക്കുവാനോ കേരള സമാജം ഭാരവാഹികൾക്ക് കഴിഞ്ഞിട്ടില്ല. ആഘോഷങ്ങളുടെ പേരും പറഞ്ഞ് വർഷാവർഷം പൊതു ജനങ്ങളുടെ ഇടയിൽ പിരിവിനിറങ്ങുന്ന മുക്കാൽ നൂറ്റാണ്ട് പിന്നിട്ട ബെംഗളൂരു മലയാളികളുടെ സ്വന്തം സാമൂഹിക - സാംസ്കാരിക സംഘടനയിൽ അരങ്ങേറുന്നതാണ് ഈ കെടുകാര്യസ്ഥത. അങ്ങനെ കേരള സമാജത്തെ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലേക്ക് എത്തിച്ചത് കേരള സമാജം ഭാരവാഹികളായവർ തന്നെ ആയിരുന്നു.

**ഇതെല്ലാം ബോധ്യപ്പെട്ടതിനെ തുടർന്നാണ് കേരള സമാജം ഭരണ സമിതി നിയമ വിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്നും അതിനാൽ ഭരണസമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തണമെന്നും ശുപാർശ ചെയ്ത് ഡപ്യൂട്ടി രജിസ്ട്രാർ സർക്കാരിന് റിപ്പോർട്ട് നൽകിയത്.** ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയെ പിരിച്ചു വിടാതിരിക്കാനുള്ള കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ബോധ്യപ്പെടുത്തണം എന്ന് കാട്ടി 2016 നവംമ്പറിൽ കാരണം കാണിക്കൽ നോട്ടീസ് അയച്ചു. ഈ നോട്ടീസ് കൈപ്പറ്റുവാൻ പോലും കേരള സമാജം ഭാരവാഹികൾ തയ്യാറായിരുന്നില്ല.

ഡപ്യൂട്ടി രജിസ്ട്രാർ ഓഫീസിൽ അപേക്ഷകൾ നൽകുമ്പോൾ ലഭിക്കുന്ന അക്നോൾജ്മെന്റ് സീലുകൾ പതിച്ച കോപ്പികൾ കാണിച്ച് മെമ്പർമാരെ വർഷങ്ങളായി പമ്പരവിഢികളാക്കികൊണ്ടിരിക്കുകയായിരുന്നു കേരളസമാജം ഭാരവാഹികൾ ചെയ്തിരുന്നതെന്നാണ് രജിസ്ട്രാർ നടത്തിയ അന്വേഷണത്തിൽ തെളിഞ്ഞത്. ഇതിന്റെ ഒക്കെ അടി സ്ഥാനത്തിലായിരുന്നു 2016 ഡിസംബർ 27ന് കേരള സമാജത്തിന്റെ ഭരണസമിതി പിരിച്ചുവിട്ടുകൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിയത്. തുടർന്ന് ഡിസ്ട്രിക് റജിസ്ട്രാർ സുരേഷ് ഗൗഡ കേരളസമാജം ഓഫീസ് സീൽ ചെയ്ത് അഡ്മിനിസ്ട്രേറ്റർ ആയി ഭരണം ഏറ്റെടുക്കുകയും ചെയ്തു.

എന്നാൽ ഹൈകോടതിയിൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിന് താൽകാലിക സ്റ്റേ മേടിച്ച് ഒരു ജാള്യതയും കൂടാതെ നിയമവിരുദ്ധ നടപടികളുമായി മുമ്പോട്ടു പോവുകയാണ് കേരളസമാജം ഭാരവാഹികൾ. ഭരണസമിതിയുടെ കാലാവധി രണ്ടു വർഷമായി ഉയർത്തിയിട്ടുള്ള ഭരണഘടന ഭേദഗതിക്ക് നാളിതുവരെയായും രജിസ്ട്രാർ ഓഫ്സൊസൈറ്റി ഓഫീസിൽ നിന്ന് അംഗീകാരം ലഭിച്ചിട്ടില്ല. മാത്രമല്ല ഭരണഘടന ഭേദഗതി നടത്തിയതാകട്ടെ ചട്ടപ്രകാരവും ആയിരുന്നില്ല. അതിനാൽ തന്നെ ദീർഘ കാലത്തെ ഇടവേളകൾക്കു ശേഷം അടുത്ത കാലത്തു നടന്ന തിരഞ്ഞെടുപ്പുകൾക്കൊന്നും തന്നെ നിയമസംരക്ഷണമില്ല. കൂടാതെ ഓഡിറ്റ് ചെയ്ത വരവു ചിലവ് കണക്ക് അവതിരിപ്പിക്കാതെ നടത്തുന്ന തിരഞ്ഞെടുപ്പുകൾക്കും അധികാര കൈമാറ്റങ്ങൾക്കും യാതൊരു പ്രസക്തിയുമില്ല.

ബെംഗളൂരു മലയാളികളെമൊത്തം പ്രതിനിധാനം ചെയ്യുന്ന ബാംഗ്ലൂർ കേരള സമാജം എന്ന മുത്തശ്ശി സംഘടനയെ വളർത്തി വലുതാക്കുക എന്നതല്ല കേരള സമാജം ഭാരവാഹികളുടെ ലക്ഷ്യം. കൈരളി നികേതൻ എഡ്യൂക്കേഷൻ ട്രസ്റ്റ് എന്ന അക്ഷയപാത്രത്തെ കൈകുമ്പിളിലൊതുക്കുവാനുള്ള ഏറ്റവും നല്ല ഉപാധിയാണ് കേരളസമാജം എന്ന തിരിച്ചറിവിൽ അതിനെ പരമാവധി ഉപയോഗിക്കുക എന്നതു മാത്രമാണ് ലക്ഷ്യം.

**കേരള സമാജവും കെഎൻഇ ട്രസ്റ്റും തമ്മിലുള്ള പൊക്കിൾ കൊടി ബന്ധം അഭേദ്യമായി തുടരുന്നതിനു കാരണവും ഇതുതന്നെയാണ്.ഇന്നത്തെ നിലയിൽ കെഎൻഇ ട്രസ്റ്റ് കൈവിട്ടാൽ കേരള സമാജം ആർക്കും വേണ്ടാത്ത ചാപിള്ള മാത്രമാണ്.** അതങ്ങനെ തന്നെ തുടർന്നു പോകുവാനാണ് കേരള സമാജം നേതൃത്വത്തിന്റെ താൽപര്യവും ആവശ്യവും.

കഴിഞ്ഞ പതിനെട്ടു വർഷങ്ങളായി ഒരു തിരഞ്ഞെടുപ്പിനെ പോലും നേരിടാതെ കെഎൻഇ ട്രസ്റ്റിൽ ട്രസ്റ്റിയായി തുടരുവാനും കഴിഞ്ഞ എട്ടു വർഷങ്ങളായി ട്രസ്റ്റ് ഓഫീസിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ക്യാബിൻ തന്നെ സ്വന്തമാക്കി ഭരണസമിതിയുടെ തലക്കുമുകളിലൂടെ സൂപ്പർപവ്വർ ആയി ട്രസ്റ്റിന്റെ ഭരണം നിയന്ത്രിക്കുവാനും കഴിയണമെങ്കിൽ കേരള സമാജത്തെ ചാപിള്ളയായി നിലനിർത്തുക തന്നെ വേണം.

അതിനവേണ്ടി എന്ത് കുത്സിത മാർഗ്ഗങ്ങളുപയോഗിക്കുവാനും അവർ തയ്യാറാണ്. അതിനായി പ്രവർത്തന പാരമ്പര്യവും കാര്യക്ഷമതയുമുള്ള അംഗങ്ങളെ പുറത്താക്കും..!!. സോണുകളെ തന്നെ ഇല്ലാതാക്കും!!!. എന്നിട്ട് കേരള സമാജത്തെ പറ്റിയോ കെഎൻഇ ട്രസ്റ്റിനേ പറ്റിയോ അതിന്റെ മഹത്തായ പാരമ്പര്യത്തെ പറ്റിയോ എട്ടും പൊട്ടും അറിയാത്ത പുതിയ അംഗങ്ങളെ ചേർക്കും പുതിയ സോണുകളുണ്ടാക്കും. പേരിനു മാത്രം പ്രവർത്തിക്കുന്ന അത്തരം സോണുകളെ കൊണ്ട് നിറഞ്ഞിരിക്കുകയാണ് ഇന്നത്തെ കേരള സമാജം. അതാണ് കേരളസമാജം നേതൃത്വത്തിന്റെ ആവശ്യവും. അധികാര സോപാനത്തിൽ നിന്ന് കൊഴിഞ്ഞു വീഴുന്ന അപ്പക്കഷണത്തിന്റെ പങ്കുപറ്റുന്ന ചില കടൽകിഴവന്മാർ മാത്രമേ പഴയ തലമുറയിൽ നിന്ന് ഇന്ന് കേരള സമാജത്തിൽ അവശേഷിക്കുന്നുള്ളൂ.

ഒരുകാലത്ത് കേരള സമാജത്തിന്റെ ജീവവായു ആയിരുന്ന കന്റോൺമെന്റ് സോണിനേയും ഈസ്റ്റ് സോണിനേയും കേരള സമാജത്തിൽ നിന്ന് പിളർത്തി മാറ്റി. ആ പ്രവർത്തകർ ഇന്ന് കർണ്ണാടകത്തിലെ ഏറ്റവും വലിയ മലയാളി സംഘടനയായ സുവർണ്ണ കർണ്ണാടക കേരള സമാജത്തിനു രൂപം നൽകി. ഈസ്റ്റ് സോണിൽ അവശേഷിച്ച സജീവ പ്രവർത്തകരും കഴിഞ്ഞ വർഷം അടപടലം കേരള സമാജത്തിൽ നിന്ന് പുറത്തായി. കേരള സമാജത്തെ ആത്മാവിന്റെ ഭാഗമായി കൊണ്ടു നടന്ന ആ പ്രവർത്തകർ കേരള സമാജം ചാരിറ്റബൾ സൊസൈറ്റി എന്ന സംഘടന രൂപീകരിച്ച് അത്ഭുതപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കാഴ്ചവച്ചത്.

സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുവാനായി ഒരു നൂറ്റാണ്ടോളം പഴക്കമുള്ള ഒരു പ്രസ്ഥാനത്തെ എങ്ങനെയൊക്കെ ഉപയോഗിക്കാമെന്നുള്ളതിന്റെ ഉത്തമ തെളിവാണ് ബാംഗ്ലൂർ കേരള സമാജം. ഇത്തരത്തിൽ എത്ര കാലം കൂടി ഈ പ്രസ്ഥാനം മുന്നോട്ടു പോകും...? ഒരു തലമുറയോടു മുഴുവനുമുള്ള ഈ വഞ്ചനക്ക് കാലം കരുതി വച്ചിരിക്കുന്ന പ്രതിരോധം എന്തായിരിക്കും...? കാത്തിരിക്കുകയാണ് ബെംഗളൂർ മലയാളികൾ...




ചെക്കിന്റെ പുറകുവശം

**ഒ.വി ചിന്നൻ ട്രഷറർ ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ അറിവില്ലാതെ കേരളസമാജത്തിന്റെ ചെക്ക് ഉപയോഗിച്ച് പിൻവലിക്കപ്പെട്ട തുക. പിന്നീട് ഈ തുകയാണ് ഒവി ചിന്നൻ അനധികൃതമായി കൈകാര്യം ചെയ്തുവെന്ന് കാട്ടി അദ്ദേഹത്തിന്റെ പേരിൽ കേരളസമാജം ഭാരവാഹികൾ കേസ് ഫയൽ ചെയ്തത്.**


Sulfex Mattresses With 28 Years Of Excellency
FACTORY OUTLET: 9TH MAIN 7TH CROSS,7TH SECTOR, HSR LAYOUT. 9845215320 /9645656999



SPRING MATTRESS A WORLD CLASS PRODUCTS
AN ISO 9001-2015 CERTIFIED COMPANY

Seeks Dealers in & around Bengaluru City also
Hiring
Sales Executives
[attractive salary with allowance]
contact:
98452 15320




Your peers want to hear from you and we do too.
Complete the form below to submit your article for consideration on The Hub.
Email : pravasabhumi@gmail.com
Hotline : +91 9742992434
Online : www.pravasabhumi.com
PRAVASABHUMI WEEKLY
WWW.PRAVASABHUMI.COM

# അവസാനിക്കാത്ത യാത്രാദുരിതവും സ്വകാര്യ ലോബിയുടെ പിടിച്ചുപറിയും

വിഷ്ണുമംഗലം കുമാർ

**കേരളീയർ** രാജ്യത്തിനകത്ത് ഏറ്റവും കൂടുതൽ യാത്ര ചെയ്യുന്നത് ബെംഗളൂരുവിലേക്കാണെന്നാണ് അതുമായി ബന്ധപ്പെട്ട പഠനങ്ങൾ പറയുന്നത്. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്നവരും വ്യവസായ വ്യാപാര കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നവരുമായ യുവതീയുവാക്കളാണ് യാത്രക്കാരിൽ ഏറെയും. ഐ.ടിക്കാരായ മലയാളികൾ ബെംഗളൂരുവിനാണ് പ്രഥമ പരിഗണന നൽകുന്നത്. കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെയുള്ള പ്രദേശങ്ങളിൽ നിന്ന് ആയിരക്കണക്കിന് യുവതീയുവാക്കൾ ബെംഗളൂരുവിലേക്കും തിരിച്ചും യാത്ര ചെയ്യുന്നുണ്ട്. സ്വാതന്ത്ര്യവും സ്വച്ഛന്ദവുമായ ജീവിതസാഹചര്യവും കേരളത്തിൽ നിന്ന് ഏറെ അകലെയല്ല എന്നതും യുവ തലമുറ ബെംഗളൂരുവിലേക്ക് ആകർഷിക്കപ്പെടാനുള്ള കാരണങ്ങളാണ്. കേരളത്തിൽ നിന്നും ബെഗളൂരുവിലേക്കുള്ള ശരാശരി ദൂരം 400 കിലോമീറ്ററാണ്. റോഡുമാർഗ്ഗം ബസ്സിൽ 8 – 10 മണിക്കൂറുകൾ കൊണ്ട് ഈ ദൂരം തരണം ചെയ്യാവുന്നതേയുള്ളൂ. അതായത് ഒരു രാത്രിയുറക്കത്തിന്റെ ദൂരം. തീവണ്ടിയാകട്ടെ തമിഴ്നാട് ചുറ്റിവളഞ്ഞു സഞ്ചരിക്കുന്നതിനാൽ യാത്രാ സമയം കൂടുമെങ്കിലും യാത്ര സുരക്ഷിതമാണ്.

ബെംഗളൂരുവിലേക്കും തിരിച്ചും അടിയ്ക്കടിയുള്ള യാത്രയ്ക്ക് വിമാനമോ സ്വന്തം വാഹനമോ ഉപയോഗിക്കുന്നവർ ഇപ്പോഴും വളരെ ചെറിയൊരു ശതമാനം മാത്രമാണ്. യാത്രക്കാരുടെ വർദ്ധനവിന് അനുസൃതമായി തീവണ്ടി സർവ്വീസ് വർദ്ധിച്ചിട്ടില്ല. യുവാക്കളായ പതിവുയാത്രക്കാർ കൂടുതലായി ആശ്രയിക്കുന്നത് ബസ്സുകളെയാണ്. കേരള കർണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ പ്രതിദിനം നൂറോളം സർവ്വീസുകൾ ബെംഗളൂരുവിലേക്കും തിരിച്ചും നടത്തുന്നുണ്ടെങ്കിലും യാത്രക്കാരിൽ ചെറിയൊരു ശതമാനത്തിന്റെ ആവശ്യമേ ട്രാൻസ്പോർട്ട് ബസ്സുകൾക്ക് നിറവേറ്റാൻ കഴിയുന്നുള്ളൂ. മൾട്ടി ആക്സിൽ ബസ്സുകളും ഓൺലൈൻ റിസർവേഷൻ സംവിധാനവുമൊക്കെ ഉണ്ടെങ്കിലും കേരള ആർ.ടി.സിയ്ക്ക് പൊതുവിൽ ബാധിച്ചിട്ടുള്ള ജീർണ്ണതയിൽ നിന്ന് ബെംഗളൂരു സർവ്വീസുകളും മുക്തമല്ല. കർണാടക ആർ.ടി.സി സർവ്വീസുകൾ തമ്മിൽ ഭേദമെന്നു പറയാം. എന്നാൽ അന്തർ സംസ്ഥാന റൂട്ട് ആയതിനാൽ തുല്യദൂര സർവ്വീസ് എന്ന വ്യവസ്ഥയുടെ പരിമിതിയും പ്രശ്നങ്ങളുമുണ്ട്. ഇതിനൊക്കെ മുൻകൈയെടുത്ത് പരിഹാരം കാണേണ്ടത് കേരളമാണെങ്കിലും വൻലാഭ സാധ്യതയുള്ള ബെംഗളൂരു റൂട്ടിൽ വിപ്ലവകരമായ മാറ്റം വരുത്താനുള്ള നടപടികളൊന്നും ഭരണപരമായ ജീർണ്ണത അനുഭവിക്കുകയും ഭീമമായ നഷ്ടം താങ്ങി തകരുകയും ചെയ്യുന്ന ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്നുണ്ടാവുന്നില്ല. യാത്രക്കാരുടെ കണ്ണിൽ പൊടിയിടുന്ന ചില നടപടികൾ ഉണ്ടാകുന്നില്ലെന്നല്ല. പക്ഷെ ബെംഗളൂരുവിലേക്കുള്ള യാത്രക്കാരുടെ അഭൂത പൂർവ്വമായ വർദ്ധനവും അവരുടെ പ്രശ്നങ്ങളും കേരളഗവണ്മെന്റ് അതീവ ഗൗരവത്തോടെ കാണേണ്ടതുണ്ട്.

മേൽ വിവരിച്ച കാരണങ്ങളാൽ സ്വകാര്യബസ്സുകളാണ് യാത്രക്കാരുടെ പ്രധാന ആശ്രയം. ബെംഗളൂരുകേരള റൂട്ടിലെ സ്വകാര്യ ബസ്സ് സർവ്വീസ് അനേകം കോടികൾ കൈമറിയുന്ന വൻബിസിനസ്സാണ്. യാത്ര അത്യന്തം സുഖപ്രദവും ആയാസരഹിതവുമാക്കി ബസ്സുടമകൾ യാത്രക്കാരെ ആകർഷിക്കുന്നു.എളുപ്പം കൈകാര്യം ചെയ്യാവുന്ന ഓൺലൈൻ റിസർവ്വേഷൻ സൗകര്യ മേർപ്പെടുത്തിയും കേരളത്തിലെ ഗ്രാമങ്ങളിലേക്കും ബെംഗളൂരുവിന്റെ പ്രാന്ത പ്രദേശങ്ങളിലേക്കും കടന്ന് ചെന്നും സ്വകാര്യ ബസ്സുകൾ യാത്രക്കാരെ കയ്യിലെടുക്കുന്നു. സ്വകാര്യ മേഖല വെളുക്കെ ചിരിക്കുമ്പോൾ അതിന്റെ പിന്നിൽ കൊടിയ ചൂഷണവും വൻചതിയും പതിയിരിപ്പുണ്ടാകുമെന്ന് ഉറപ്പാണല്ലോ. വൻതട്ടിപ്പും ചൂഷണവുമാണ് ബെംഗളൂരു കേരള റൂട്ടിലോടുന്ന സ്വകാര്യബസ്സുകളിൽ നടക്കുന്നത്. അതിന്റെ വിശദാംശത്തിലേക്ക് പിന്നാലെ വരാം.


തിരുവനന്തപുരത്തുനിന്ന് ബെംഗളൂരുവിലേക്കുള്ള യാത്രമധ്യേ ബ്രെയിക് ഡൗണായി വഴിയിൽ നിന്നുപോയ സുരേഷ് കല്ലട ട്രവൽസിന്റെ ബസ്സിലെ യാത്രക്കാർ പകരം ബസ് ആവശ്യപ്പെട്ടതിന്റെ പേരിൽ എറണാകുളം വൈറ്റലയിൽ വച്ച് ആക്രമിക്കപ്പെട്ടപ്പോൾ

**മാറുന്ന യാത്രാശൈലി:**

മുമ്പൊക്കെ ബെംഗളൂരുവിൽ ജോലിയോ ബിസിനസ്സോ ചെയ്തിരുന്നവർ വർഷത്തിൽ ഒന്നോ രണ്ടോ തവണയാണ് നാട്ടിൽ പോയിരുന്നത്. നഗരം ഏറെ അകലെയല്ലെങ്കിലും വാർത്താവിനിമയ സൗകര്യങ്ങൾ കുറവായിരുന്നതിനാൽ നാടിനെക്കുറിച്ച് അവർ വളരെക്കുറച്ചേ അറിഞ്ഞിരുന്നുള്ളൂ. ശരിക്കും പ്രവാസ ജീവിതമാണ് ബെംഗളൂരുവിലെ മലയാളികളും നയിച്ചിരുന്നത്. എന്നാൽ ഐ.ടി. അഭിവൃദ്ധി പ്രാപിച്ച് ഏഷ്യയിലെ സിലിക്കൺ വാലിയായി ബെംഗളൂരു മാറിയതോടെ നഗരത്തിലെ മലയാളി സമൂഹത്തിന്റെ ഘടന അടിസ്ഥാനപരമായി മാറി. വാർത്താവിനിമയ രംഗത്തെ ആധുനിക സൗകര്യങ്ങൾ ആ മാറ്റത്തിന് ആക്കം കൂട്ടി. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഉയർന്ന വരുമാനവും ആഴ്ചയിൽ രണ്ടുദിവസം അവധിയും ലഭിക്കുന്നുണ്ട്. ജോലിയുടെ സംഘർഷവും ഗൃഹാതുരത്വത്തിന്റെ വിങ്ങലും ഒഴിവാക്കാൻ വാരാന്ത്യങ്ങളിൽ ജന്മനാട്ടിലെത്താൻ യുവാക്കൾ ആഗ്രഹിക്കുന്നു. മൂന്നു ലക്ഷത്തിലേറെ മലയാളി യുവതീയുവാ ക്കൾ ബെംഗളൂരുവിലെ ഐടി മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അനേകായിരം വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ വിവിധ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നുമുണ്ട്. മാസത്തിലൊരു തവണയെങ്കിലും ജന്മനാട്ടിലേക്ക് പോകുന്നവരാണ് ഇവരിൽ നല്ലൊരുപങ്കും. കേരളത്തിലേക്കുള്ള യാത്രയ്ക്ക് സ്വകാര്യ ബസ്സുകളെയാണ് ഈ യാത്രക്കാരിൽ ഭൂരിഭാഗവും ആശ്രയിക്കുന്നത്.

**കലാശിപാളയത്തെ തിക്കും തിരക്കും:**

പഴയ നഗരത്തിന്റെ ഭാഗമായ കലാശിപാളയമാണ് അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളുടെ പ്രധാന സങ്കേതം. നഗര ജീർണ്ണതയുടെ സർവ്വമാന ഭാരങ്ങളും പേറുന്ന പ്രദേശമാണ് കലാശിപാളയം. ഇവിടെ വൃത്തിയാക്കാനുള്ള സിറ്റി കോർപ്പറേഷന്റേയും ഗവൺമെന്റിന്റേയും ശ്രമങ്ങളൊന്നും ഫലം കണ്ടിട്ടില്ല. വിദൂര ഗ്രാമങ്ങളിലേക്ക് പോകുന്ന സ്വകാര്യ ബസ്സുകളുടെ ആസ്ഥാനവും ഇവിടെയാണ്. അതിനായി പഴയ ബസ്സ്റ്റാൻഡ് പൊളിച്ചുകളഞ്ഞ് പുതിയൊരെണ്ണം പണിയുന്നുണ്ട്.പക്ഷെ അന്തർ സംസ്ഥാന സ്വകാര്യ ബസ്സുകൾക്ക് ഇടം ലഭിക്കുമോ എന്ന് സംശയമാണ്. സ്ഥലപരിമിതിയാണ് പ്രധാന കാരണം. നാട്ടിലേക്കുള്ള സ്വകാര്യ ബസ്സ് പിടിക്കാൻ വേണ്ടി മാത്രമാണ് മറ്റു ഭാഗങ്ങളിൽ നിന്ന് ന്യൂജനറേഷൻ മലയാളികൾ കലാശിപാളയത്തേക്ക് പോകുന്നത്. അതേസമയം സിറ്റിമാർക്കറ്റ്, മെജസ്റ്റിക്, ചിക്പേട്ട്, മൈസൂർറോഡ്, ജയനഗർ പ്രദേശങ്ങളിൽ കച്ചവടം ചെയ്യുന്ന വടക്കേ മലബാറുകാർക്ക് കലാശിപാളയം സൗകര്യപ്രദമാണ്. കച്ചവട ആവശ്യങ്ങൾക്കായി നിരവധിപേർ നിത്യേന നാട്ടിലേക്ക് യാത്രചെയ്യുന്നുണ്ട്.

ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സൗകര്യാർത്ഥം മഡിവാള, കോറമംഗല, ഇന്ദിരാനഗർ എന്നിവിടങ്ങളിൽ നിന്ന് ധാരാളം സ്വകാര്യബസ്സുകൾ നാട്ടിലേക്ക് പുറപ്പെടുന്നുണ്ട്. മഡിവാളയാണ് പ്രധാന കേന്ദ്രം. മലയാളികൾ ധാരാളമുള്ള മത്തിക്കരെ, യശ്വന്തപുര, ജലഹള്ളി ഭാഗങ്ങളിൽ നിന്നും സ്വകാര്യബസ്സുകൾ കേരളത്തിലേക്ക് പോകുന്നുണ്ട്. എറണാകുളം ഭാഗത്തേക്കുള്ളവ മഡിവാള വഴിയും മലബാർ ഭാഗത്തേക്കുള്ളവ കലാശിപാളയം വഴിയും കടന്നുപോകുന്നു. കലാശിപാളയത്തുനിന്നു മാത്രം ഇരുന്നൂറോളം സ്വകാര്യ ബസ്സുകൾ ദിവസവും കേരളത്തിലേക്ക് പോകുന്നുണ്ട്. രാത്രി ഏഴുമണിയോടെ കലാശിപാളയം കേരളബസ്സുകളെ കൊണ്ട് നിറയുന്നു. അനിയന്ത്രിതമായ തിക്കും തിരക്കും നിമിത്തം യാത്രക്കാർക്കും കലാശിപാളയത്തിനും ഒരുപോലെ ശ്വാസം മുട്ടുന്ന അവസ്ഥയാണ്.

**സ്വകാര്യ ബസ്സുകളുടെ പിടിച്ചുപറി:**

യാത്രാതിരക്ക് നിശ്ചയിക്കുന്നതിൽ സ്വകാര്യബസ്സുകാർ മുമ്പൊക്കെ മാന്യതയും സത്യസന്ധതയും പുലർത്തിയിരുന്നു. ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിരക്കിനേക്കാൾ അൽപ്പം കൂടുതൽ വസൂലാക്കും എന്ന പ്രശ്നമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഈയ്യിടെയായി യാത്രക്കാരുടെ ബാഹുല്യം കാരണം നിരക്കു നിശ്ചയിക്കുന്നതിൽ യാതൊരു മാനദണ്ഡവും ഇല്ലാതായിരിക്കുന്നു. ബസ്സുടമകൾ കൂട്ടായി തീരുമാനിക്കുന്നതാണ് (ഉടമകൾ അക്കാര്യം സമ്മതിച്ചു തരില്ലെങ്കിലും) ഓരോ ദിവസത്തേയും നിരക്ക്. വാരാന്ത്യങ്ങളിലും സീസണുകളിലും രണ്ടും മൂന്നും ഇരട്ടി ചാർജ്ജാണ് ബസ്സുടമകൾ ഈടാക്കുന്നതെന്ന പരാതി ശക്തമാണ്. നിരക്കു നിശ്ചയിക്കുന്നതിൽ ഉടമകൾ ഒറ്റക്കെട്ടാണെന്ന് വ്യത്യസ്ത ബസ്സുകൾ ഒരേ ദിവസം ഈടാക്കുന്ന നിരക്കിലെ ഐക്യം പരിശോധിച്ചാൽ വ്യക്തമാവും. അന്തർസംസ്ഥാന സർവ്വീസും യാത്രക്കാർ മലയാളികളും ആയതിനാൽ നിരക്കു കാര്യത്തിൽ കർണാടക ഗവൺമെന്റ് ഇടപെടാറില്ല. അന്യായങ്ങൾ കണ്ടില്ലെന്ന് നടിക്കുന്ന അധികാരികൾക്കാവട്ടെ സ്വകാര്യ ബസ്സുകൾ പൊൻമുട്ടയിടുന്ന താറാവുകളാണ്. നിരക്കു കാര്യത്തിൽ പ്രശ്നമുണ്ടാക്കി നോട്ടപ്പുള്ളികളാവാൻ സ്ഥിരം യാത്രക്കാർ തയ്യാറുമല്ല. മുറുമുറുപ്പും ശാപവചനങ്ങളും ഇല്ലെന്നല്ല. അതൊരു വൻപ്രതിഷേധമായി രൂപം കൊണ്ടിട്ടില്ല. കേരള ഗവൺമെന്റ് ആകട്ടെ സ്വകാര്യ ബസ്സുകളെ തൊട്ടുകളിക്കാൻ തയ്യാറുമല്ല. കേരളത്തിൽ നിന്ന് ബെംഗളൂരുവിലേക്കുള്ള നിരക്കിലെങ്കിലും വ്യക്തത വരുത്താൻ പ്രവാസികളെ സ്നേഹിച്ചു കൊല്ലുന്നു എന്നഭിമാനിക്കുന്ന കേരളത്തിലെ പ്രബുദ്ധ സർക്കാറിന് കഴിയേണ്ടതല്ലേ,

**നഗര വളർച്ചയുടെ പ്രത്യാഘാതങ്ങൾ:**

സുഭാഷ് നഗർ എന്ന മെജസ്റ്റിക്കാണ് ബെംഗളൂരു മഹാനഗരത്തിന്റെ ഹൃദയ കേന്ദ്രം. (സുഭാഷ് നഗറിലെ ഒരു സിനിമാ ടാക്കീസിന്റെ പേരാണ് മെജസ്റ്റിക്ക്. സിനിമയുടെ പ്രഭാവകാലത്ത് ടാക്കീസുകളുടെ പേരിലാണ് നഗരത്തിലെ പല പ്രദേശങ്ങളും അറിയപ്പെട്ടിരുന്നത്. ഗോവർദ്ധൻ, നവരംഗ്, സെൻട്രൽ, കാവേരി, ഉർവ്വശി എന്നിവ ഉദാഹരണം. കാലാന്തരത്തിൽ സുഭാഷ് നഗർ അപ്രസക്തമാവുകയും മെജസ്റ്റിക് സ്ഥിരപ്രതിഷ്ഠ നേടുകയുമാണുണ്ടായത്.) പ്രധാന റെയിൽവെ സ്റ്റേഷൻ, സിറ്റി ബസ്സ്റ്റേഷൻ, ദീർഘദൂര ബസ് സ്റ്റേഷൻ എന്നിവ മെജസ്റ്റിക്കിൽ അടുത്തടുത്തു സ്ഥിതിചെയ്യുന്നു എന്നു മാത്രമല്ല ഇവ മൂന്നും ഭൂഗർ പാതയിലൂടെ പരസ്പരം കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെട്രോ തീവണ്ടിയുടെ സെൻട്രൽ ലൈൻ (പ്രധാന ജംഗ്ഷൻ) കൂടി മെജസ്റ്റിക്കിൽ ഇന്ന് ഇടം പിടിച്ചിരിക്കുകയാണ്.

നഗരത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും എളുപ്പത്തിൽ മെജസ്റ്റിക്കിൽ എത്താൻ കഴിയും. കേരളത്തിലേക്കുള്ള കർണാടകത്തിന്റേയും കേരളത്തിന്റേയും ട്രാൻസ്പോർട്ട് ബസ്സുകൾ മെജസ്റ്റിക്കിൽ നിന്നാണ് പുറപ്പെട്ടിരുന്നത്. ദീർഘദൂര ബസ് സ്റ്റേഷനുകളെ നഗരപ്രാന്തങ്ങളിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി കേരളത്തിലേക്കുള്ള ബസ്സുകൾ മൈസൂർ റോഡ് സാറ്റ്ലൈറ്റ് സ്റ്റേഷനിലേക്ക് മാറ്റി. നഗരത്തിന്റെ തെക്കുപടിഞ്ഞാറെ അറ്റത്ത് കിടക്കുന്ന മൈസൂർ റോഡ് സാറ്റ്ലൈറ്റ് സ്റ്റേഷനിലേക്ക് ഇതര ഭാഗങ്ങളിൽ നിന്നുള്ള യാത്രക്കാർക്ക് എത്തിപ്പെടാൻ ബുദ്ധിമുട്ടാണ്. അതിനാൽ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ യാത്രക്കാർ കുറഞ്ഞു. ഈ സാഹചര്യം മുതലെടുത്തത് സ്വകാര്യ ബസ്സുകളാണ്.

ഇപ്പോൾ ഏതാനും കേരള ട്രാൻസ്പോർട്ട് ബസ്സുകൾ ശാന്തിനഗറിൽ നിന്നും കലാശിപാളയത്തു നിന്നും പുറപ്പെടുന്നുണ്ട്. മലയാളി കേന്ദ്രമായ പീന്യയിൽ പ്രവർത്തനമാരംഭിച്ച സാറ്റ്ലൈറ്റ് സ്റ്റേഷനിൽനിന്നും കേരളത്തിലേക്ക് ബസ്സുകൾ ആരംഭിച്ചിട്ടുണ്ട്. പക്ഷെ ഇതുകൊണ്ടൊന്നും യാത്രക്കാരുടെ ആവശ്യത്തിന്റെ പത്തു ശതമാനം പോലും പരിഹരിക്കപ്പെടില്ല എന്നതാണ് വസ്തുത. അത്രയേറെയാണ് യാത്രക്കാരുടെ എണ്ണം പെരുകുന്നത്. ബെംഗളൂരുവിനെ ഒരു സ്പെഷ്യൽ സോണായി പരിഗണിച്ച് ആധുനിക സൗകര്യങ്ങളുള്ള കൂടുതൽ ബസ്സുകൾ നഗരത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും കേരളത്തിലേക്കും തിരിച്ചും ഓടിക്കാനുള്ള നയപരമായ തീരുമാനം കർണാടകവുമായി കൂടിയാലോചിച്ച് കൈക്കൊള്ളാൻ മുൻകൈ എടുക്കേണ്ടത് കേരളമാണ്. നിലവിലുള്ള സ്ഥിതിയും വ്യവസ്ഥകളും പാടേ പൊളിച്ചെഴുതേണ്ടതുണ്ട്. വിപ്ലവകരമായ നവീകരണമാണ് കാലഘട്ടം ആവശ്യപ്പെടുന്നത്. നഷ്ടക്കയത്തിൽ നിന്ന് കരകയറാൻ ബെംഗളൂരു സ്പെഷ്യൽ സോൺ പദ്ധതി കേരള ട്രാൻസ്പോർട്ട് കോർപറേഷനെ കുറെയൊക്കെ സഹായിക്കുകയും ചെയ്യും. സ്വകാര്യലോബിയുടെ കൊടും ചൂഷണം നിയന്ത്രിക്കപ്പെടേണ്ടതും അടിയന്തരാവശ്യമാണ്.

**പുതിയ തീവണ്ടികൾ ഓടിക്കണം:**

ബെംഗളൂരുവിൽ നിന്ന് 22 തീവണ്ടികൾ കേരളത്തിലേക്ക് ഓടുന്നുണ്ട്. സിറ്റി സ്റ്റേഷനിൽ നിന്ന് 13ഉം യശ്വന്തപുരത്തുനിന്ന് 9 ഉം. മറ്റു ഭാഗങ്ങളിൽ നിന്ന് വന്ന് നഗരത്തിലൂടെ കേരളത്തിലേക്ക് പോകുന്നവയും സ്പെഷ്യൽ ട്രെയിനുകളും കൂടി ചേരുമ്പോൾ മൊത്തം തീവണ്ടികൾ മുപ്പതിലേറെയാണ്. എന്നാൽ ഇതിൽ ദിവസവും സർവ്വീസ് നടത്തുന്ന തീവണ്ടികളുടെ എണ്ണം കുറവാണ്. ഉള്ളതാകട്ടെ പ്രതിവാരമോ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം മാത്രം ഓടുന്നവയോ ആണ്. പ്രതിദിനം 85 ട്രെയിനുകൾ കടന്നുപോകുന്ന യശ്വന്തപുരം സ്റ്റേഷനിൽ നിന്ന്കേരളത്തിലേക്കുള്ള ട്രയിനുകളെ ആട്ടിപുറത്താക്കുവാനുള്ള ശ്രമാണ് റെയിൽവേ സ്വീകരിച്ചിരിക്കുന്നത്.

യാത്രക്കാരുടെ ഒഴുക്ക് പരിഗണിക്കുമ്പോൾ കേരളത്തിലേക്കുള്ള തീവണ്ടികളുടെ എണ്ണം അപര്യാപ്തമാണ്. സാധാരണ ദിവസങ്ങളിൽ തന്നെ റിസർവ്വേഷൻ കിട്ടാത്ത അവസ്ഥയാണുള്ളത്.അവധിക്കാലത്തും ഉത്സവ സീസണുകളിലും തീവണ്ടിയെപ്പറ്റി ആലോചിക്കുകയേ വേണ്ട. യാത്രക്കാരുടെ വർദ്ധനവിനനുസരിച്ച് തീവണ്ടികൾ കൂടുന്നില്ല. കൂടുതൽ തീവണ്ടികൾ ഓടിക്കണമെന്ന യാത്രക്കാരുടെയും മലയാളി സംഘടനകളുടേയും മുറവിളി ശ്രദ്ധിക്കപ്പെടാതെ പോകുന്നതിനു പിന്നിൽ സ്വകാര്യ ബസ്സ് ലോബിയുടെ സ്വാധീനം മാണ്. സ്വകാര്യ ബസ് മുതലാളിമാർ നിശ്ചിത തുക പിരിവിട്ടെടുത്ത് ഓരോ മാസവും വലിയൊരു തുക കൃത്യമായി റെയിൽവേയുടെ ഉന്നതങ്ങളിൽ എത്തിക്കുന്നു. അതിന്റെ ഉപകാര സ്മരണയായി കേരളത്തിലേക്ക് ഉള്ള ട്രെയിൻ സർവ്വീസുകളിൽ ജനദ്രോഹനടപടികളിലൂടെ പരമാവധി ജനങ്ങൾക്ക് അസൗകര്യങ്ങൾ സൃഷ്ടിച്ച് യാത്രക്കാരെ സ്വകാര്യ ബസ്സുകളിലേക്ക് ആട്ടിയോടിക്കുന്നു. ഇത് ജനങ്ങളുടെ ദുരിതം ഇരട്ടിപ്പിക്കുന്നു.

നിലവിലെ സാഹചര്യത്തിൽ ചുരുങ്ങിയത് രണ്ട് പ്രതിദിന തീവണ്ടികൾകൂടി കേ വേണ്ടതുണ്ട്. ഒന്ന് തിരുവനന്തപുരം ഭാഗത്തേക്കും മറ്റേത് കണ്ണൂർ ഭാഗത്തേക്കും. യാത്രക്കാർക്ക് ഉപകരിക്കും വിധം പുറപ്പെടുന്ന സമയം ക്രമീകരിക്കുകയും വേണം. ബാനസവാഡിക്കു പകരം ബൈയ്യപ്പനഹള്ളിയെ കേരളത്തിലേക്കുള്ള ട്രെയിനുകളുടെ സ്റ്റോപ്പുകളാക്കി മാറ്റണം.രണ്ടു പുതിയ തീവണ്ടികൾകൂടി വന്നാലും യാത്ര ദുരിതം അവസാനിക്കില്ല. കേരളട്രാൻസ്പോർട്ട് കോർപ്പറേഷനും അവസരത്തിനൊത്തുയരണം. സ്വകാര്യ ലോബിയുടെ പിടിച്ചു പറിയിൽ നിന്ന് യാത്രക്കാരെ മോചിപ്പിക്കാനുള്ള ചുമതല പ്രാഥമികമായും കേരള ഗവണ്മെന്റിനാണ്. റെയിൽവെയെപ്പോലും ബോദ്ധ്യപ്പെടുത്തേണ്ടത് കേരള ഗവൺമെന്റാണ്. കല്ലട സംഭവത്തിന് ശേഷം കേരള ഗവണ്മെന്റ് ഉണർന്നു പ്രവർത്തിക്കുന്നതായി അനുഭവപ്പെടുന്നുണ്ട് . ഈ ആവേശം താത്കാലികമാകരുത്. ബെംഗളൂരു മലയാളികളുടെ യാത്രാ പ്രശ്നങ്ങളിൽ ഗവണ്മെന്റ് നിരന്തരമായി ഇടപെടണം. എന്നാലെ യാത്ര ദുരിതത്തിന് പരിഹാരമാവൂ.









# അഭ്യർത്ഥന



**സുഹൃത്തേ**, ജനുവരി 30ന് ഞായറാഴ്ച കൈരളി നികേതൻ എഡ്യൂക്കേഷൻ ട്രസ്റ്റ് തിരഞ്ഞെടുപ്പ് നടക്കുകയാണല്ലോ. അതിൽ ഡോണർ കോൺസ്റ്റിറ്റ്യുവൻസിയിൽ ഞാൻ സ്ഥാനാർത്ഥി ആണെന്ന വിവരം സന്തോഷത്തോടെ അറിയിക്കട്ടെ.

കെഎൻഇ ട്രസ്റ്റിൽ എന്ത് നടക്കുന്നു എന്ന കാര്യം സ്ഥാപനത്തിന്റെ യഥാർത്ഥ അവകാശികളായ മെമ്പർമാർക്ക് ഇന്ന് അജ്ഞാതമാണ്. കെഎൻഇട്രസ്റ്റിലെ പ്രവർത്തനങ്ങൾ ജനകീയവും സുതാര്യവും ആയിരിക്കണമെന്ന മെമ്പർമാരുടെ നിരന്തര ആവശ്യം ബധിര കർണ്ണങ്ങളിലാണ് പതിക്കുന്നത്. ഈ സാഹചര്യത്തിൽ സുതാര്യമായ ഒരു ഭരണ സംവിധാനം കെഎൻഇ ട്രസ്റ്റിൽ കൊണ്ടു വരുക എന്നത് കാലത്തിന്റെ അനിവാര്യതയാണെന്ന് ഞാൻ വിശ്വസിക്കുന്നു. കെഎൻഇ ട്രസ്റ്റിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ ഞാൻ ഡോണർ മണ്ഡലത്തിൽ നിന്ന് വിജയിക്കുകയാണെങ്കിൽ അതിലായിരിക്കും എന്റെ പ്രഥമ ശ്രദ്ധ പതിയുക എന്ന് ഞാൻ ഉറപ്പു നൽകുന്നു.

2011–14 കാലഘട്ടത്തിൽ കെഎൻഇ ട്രസ്റ്റിൽ ഞാൻ ട്രസ്റ്റിയായി പ്രവർത്തിച്ചിട്ടുണ്ട്. അക്കാലഘട്ടങ്ങളിൽ കൈരളീ നികേതൻ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുവാനും നിർണ്ണായക തീരുമാനങ്ങളിലേക്ക് ഭരണസമിതിയെ നയിക്കുവാനും എന്റെ സജീവമായ ഇടപെടലുകൾക്ക് സാധിച്ചിട്ടുണ്ടെന്ന് ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്.

മലയാളി സംഘടനകളുടെ ദേശീയ കൂട്ടായ്മയായ എഐഎംഎ (All India Malayalee Association -AIMA) എന്ന സംഘടനയുടെ കർണ്ണാടക സംസ്ഥാന ട്രഷററായി ഞാൻ പ്രവർത്തിച്ചുവരുന്നു. കലാവേദി, കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി, ഇസിഎ, കാരുണ്യ ബെംഗളൂരു തുടങ്ങി നിരവധി സംഘടനകളിൽ അംഗമായ ഞാൻ ബെംഗളൂരു മലയാളികളുടെ ഇടയിൽ സാമൂഹിക പ്രവർത്തനങ്ങളിൽ സജീവമാണ്. അതിലുപരി കൈരളി നികേതനിലെ ഒരു പൂർവ്വ വിദ്യാർത്ഥി എന്ന നിലയിൽ കൈരളി നികേതൻ പൂർവ്വ വിദ്യാർത്ഥി സംഘടനയായ കെഎൻഇറ്റി അലൂമിനി ഓഫ് സ്റ്റുഡന്റ്സ്ന്റെ പ്രസിഡന്റു കൂടിയാണ് ഞാൻ. കെഎൻഇറ്റിയിലെ എന്റെ വിദ്യാഭ്യാസത്തിനു ശേഷം ക്രൈസ്റ്റ് കോളേജിൽ നിന്ന് ഡിഗ്രിയും ബിഐെറ്റിയിൽ നിന്ന് B'Arc ഉം നേടിയ ശേഷം 2000മുതൽ ആർകിടെക്ടായി പ്രവർത്തിച്ചു വരുന്നു.

കെഎൻഇ ട്രസ്റ്റിൽ സുതാര്യതയും ജനാധിപത്യവും ഉറപ്പു വരുത്തുവാനും, മെമ്പർമാരെന്ന നിലയിൽ നിങ്ങൾക്ക് ലഭിക്കേണ്ട നീതി ലഭ്യമാക്കുവാനും നിങ്ങളുടെ വോട്ടുകൾ ഡോണർ മണ്ഡലത്തിലെ സ്ഥാനാർത്ഥി എന്ന നിലയിൽ എനിക്ക് നൽകി എന്നെ വിജയിപ്പിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു

**ലിങ്കൺ വാസുദേവൻ – Sl.No.2 (98804 44761)**
**കെഎൻഇറ്റി ഡോണർ മണ്ഡലത്തിലെ സ്ഥാനാർത്ഥി**

# ചില തിരഞ്ഞെടുപ്പ് തമാശകൾ

സ്ഥലം, കെഎൻഇ ട്രസ്റ്റ് തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് റിട്ടേണിങ് ഓഫീസർ വിളിച്ച് ചേർത്ത കാൻഡിഡേറ്റ് മീറ്റ് യോഗം. പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതും കാര്യങ്ങൾ സംസാരിക്കുന്നതും കെഎൻഇ ട്രസ്റ്റ് സിക്രട്ടറി. പാവം റിട്ടേണിങ് ഓഫീസർ, അദ്ദേഹത്തിനു കാര്യങ്ങളെ പറ്റി ഒന്നും കാര്യമായ പിടി ഇല്ലായിരിക്കാം അതുകൊണ്ട് അക്കാര്യം വിടാം. ബാലറ്റ് പേപ്പറിൽ സ്ഥാനാർത്ഥികളുടെ ക്രമനമ്പർ നിശ്ചയിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് ചോദ്യത്തിന് (സാധാരണയായി കാൻഡിഡേറ്റ് മീറ്റിൽ വച്ചാണ് സ്ഥാനാർത്ഥികളുടെ ക്രമനമ്പർ നിശ്ചയിച്ചിരുന്നതെന്നത് പഴയ ആചാരം... ഇപ്പോൾ നവോധാനത്തിന്റെ കാലഘട്ടമാണല്ലോ) സെക്രട്ടറിയുടെ മറുപടിയാണ് വിചിത്രം. "അടുത്ത വർഷം മുതൽ ഇക്കാര്യം പരിഗണിക്കാം." അടുത്ത ആവശ്യം; സ്ഥാനാർത്ഥികൾക്ക് പ്രചാരണത്തിന് ആവശ്യത്തിന് സമയം ലഭിക്കുന്നില്ല എന്നതാണ്. അതിനും സെക്രട്ടറിക്ക് റെഡിമെയ്ഡ് മറുപടി ഉണ്ട്. "ഇക്കാര്യം അടുത്ത വർഷത്തെ തിരഞ്ഞെടുപ്പിൽ പരിഗണിക്കാം". വീണ്ടും സ്ഥാനാർത്ഥികളുടെ ഭാഗത്തു നിന്ന് മറ്റൊരു ആവശ്യമുയർന്നു. വോട്ടർമാരുടെ ഫോൺ നമ്പറുകൾ അടക്കമുള്ള ലിസ്റ്റ് വേണം എന്ന്. അതിനും കിട്ടി വിചിത്രമായ മറുപടി. "ഫോൺ നമ്പർ തരുന്നത് മെമ്പർമാരുടെ സ്വകാര്യതയെ ബാധിക്കും. അതിനാൽ ഇക്കാര്യം മെമ്പർമാരോട് ചോദിച്ച് അടുത്ത വർഷം പരിഗണിക്കാം." പക്ഷെ, ഒരു സംശയം ബാക്കി. എന്തിനു വേണ്ടി ആണ് ഇത്ര വിഷമിച്ച് ഈ വർഷം തന്നെ തിരഞ്ഞെടുപ്പ് നടത്തുന്നത് ഇതും കൂടെ കൂട്ടി അടുത്ത വർഷം ഒരുമിച്ചങ്ങ് തിരഞ്ഞെടുപ്പ് നടത്തിയാൽ പോരെ...?. ഹാവൂ... ആരോട് ചോദിക്കാൻ?. ചോദ്യങ്ങൾ എല്ലാം കൂടെ ഒരുമിച്ച് കൂട്ടി അടുത്ത വർഷം ചോദിക്കാനെങ്ങാനും പറഞ്ഞാൽ എന്താ ചെയ്യാ?. അതു മാത്രമല്ല, നിങ്ങളുടെ തിരഞ്ഞെടുപ്പ് അടുത്ത വർഷം മാത്രമേ നടത്തുന്നുള്ളൂ എന്നെങ്ങാനും പറഞ്ഞു പോയാൽ; പെട്ടുപോവില്ലേ. അതുകൊണ്ട് മൗനം തന്നെ ഭൂഷണം...!!!.

## കെഎൻഇ ട്രസ്റ്റ് പൊതു മൈതാനമോ ?

ഇന്ത്യയുടെ പരമോന്നത നീതി ന്യായ കോടതിയാണ് സുപ്രീം കോടതി. രാജ്യത്ത് സുപ്രീം കോടതി വിധി അന്തിമമായിരിക്കും എന്നാണ് നീതി ന്യായ വ്യവസ്ഥകൾ പറയുന്നത്. എന്നാൽ രാജ്യത്തെ നീതി ന്യായ വ്യവസ്ഥകൾക്ക് മേലെ ആണോ കെഎൻഇ ട്രസ്റ്റ് മേലാളന്മാരുടേയും കേരളസമാജത്തിലെ സ്ഥിരം താപ്പാനകളുടേയും സ്ഥാനം. രാജ്യത്തെ എല്ലാ സിവിൽ ക്രിമിനൽ കോടതികളും പുറപ്പെടുവിക്കുന്ന സ്റ്റേ യുടെ പരമാവധി കാലാവധി ആറു മാസമായിരിക്കും എന്നാണ് സുപ്രീം കോടതി മൂന്നംഗ ബഞ്ച് 2018 ജനുവരിയിൽ വിധിച്ചത്. പ്രഖ്യാപിച്ച് 6 മാസത്തിൽ കൂടുതലായുള്ള എല്ലാ സ്റ്റേകളും ആ വിധിയോടെ അസാധു ആയി കഴിഞ്ഞു. പിന്നെ എങ്ങനെയാണ് രണ്ടു വർഷം മുമ്പ് നേടിയ സ്റ്റേയുടെ അടിസ്ഥാനത്തിൽ കേരള സമാജം ഭരണസമിതി നിലനിൽക്കുന്നതും അവരുടെ ഭാരവാഹികൾ എക്സ് ഒഫിഷ്യോ ആയി കെഎൻഇ ട്രസ്റ്റിൽ വന്ന് അടക്കി വാഴുന്നതും. അതോ, വഴിയേ പോകുന്ന ആർക്കും വലിഞ്ഞു കേറി വന്ന് മേഞ്ഞു നടക്കാവുന്ന പൊതു മൈതാനം പോലെ ജനകീയമാക്കിയോ കെഎൻ ഇ ട്രസ്റ്റ് എന്ന മലയാളികളുടെ സ്ഥാപനത്തെ.

# ക്ഷമാപണം



**സുഹൃത്തേ**, ജനുവരി 30ന് ഞായറാഴ്ച കൈരളി നികേതൻ എഡ്യൂക്കേഷൻ ട്രസ്റ്റ് തിരഞ്ഞെടുപ്പ് നടക്കുകയാണല്ലോ. പ്രസ്തുത തിരഞ്ഞെടുപ്പിൽ ഓർഡിനറി മണ്ഡലത്തിൽ നിന്ന് ഞാൻ സ്ഥാനാർത്ഥിയായി മത്സരിക്കുന്ന വിവരം ഓർഡിനറി മണ്ഡലത്തിലെ ഒരു വോട്ടർ എന്ന നിലയിൽ താങ്കൾ അറിഞ്ഞു കാണാൻ സാധ്യതയില്ല എന്ന് എനിക്ക് ഉറപ്പുണ്ട്. ഒരു വോട്ടർ എന്ന നിലയിൽ പ്രസ്തുത വിവരം താങ്കളെ അറിയിക്കുവാൻ സാധിക്കാത്തതിൽ ഞാൻ താങ്കളോട് ആദ്യമായി ക്ഷമ ചോദിക്കുന്നു.

കൈരളി നികേതൻ എഡ്യൂക്കേഷൻ ട്രസ്റ്റിലെ ഓർഡിനറി മണ്ഡലത്തിലേക്ക് മത്സരിക്കുന്ന ഒരു സ്ഥാനാർത്ഥി എന്ന നിലയിൽ ഒരു സ്ഥാനാർത്ഥിക്കു ലഭിക്കേണ്ട അടിസ്ഥാന അവകാശങ്ങൾ കൈരളി നികേതൻ ഭരണസമിതിയും തിരഞ്ഞെടുപ്പ് നിഷ്പക്ഷമായി നടത്തുവാൻ നിയോഗിക്കപ്പെട്ട റിട്ടേണിങ് ഓഫീസറും എനിക്ക് നിഷേധിക്കപ്പെട്ടതിനാലാണ് എന്റെ സ്ഥാനാർത്ഥിത്വം താങ്കളെ അറിയിക്കുവാൻ എനിക്ക് കഴിയാതെ വന്നത്.

630ഓളം വരുന്ന ഓർഡിനറി മണ്ഡലത്തിലെ വോട്ടർമാരെ നേരിട്ട് വന്നു കണ്ട് വോട്ട് അഭ്യർത്ഥിക്കണം എന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ അതിന് എനിക്ക് ലഭിച്ച സമയം കേവലം 9 ദിവസം മാത്രമാണ്. പല കാരണങ്ങളും പറഞ്ഞ് വോട്ടർപട്ടിക എനിക്ക് ലഭ്യമാക്കുന്നത് നീട്ടികൊണ്ടു പോയാണ് നിങ്ങളെ കാണുന്നതിനുള്ള എന്റെ വിലയേറിയ സമയം കെഎൻഇറ്റി ഭരണസമിതി എനിക്ക് നഷ്ടപ്പെടുത്തിയത്.

എന്റെ ബഹുമാന്യരായ വോട്ടർമാരെ ഫോണിൽ വിളിച്ച് വോട്ടഭ്യർത്ഥിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ "വോട്ടർമാരുടെ ഫോൺ നമ്പറുകൾ നൽകുന്നത് അവരുടെ സ്വകാര്യതയിലേക്കുള്ള കൈയ്യേറ്റമാണ്, അത് അനുവദിക്കുവാൻ സാധ്യമല്ല" എന്ന കാരണം പറഞ്ഞ് നിങ്ങളുടെ ഫോൺനമ്പറുകൾ ബഹുമാന്യരായ കെഎൻഇറ്റി ഭരണസമിതി എനിക്ക് നിക്ഷേധിച്ചു. അതിനാലാണ് താങ്കളെ ഫോണിൽ വിളിച്ച് വോട്ട് അഭ്യർത്ഥിക്കുവാൻ എനിക്ക് സാധിക്കാഞ്ഞത്.

ഞാൻ സ്ഥാനാർത്ഥിയാണെന്ന വിവിരം അറിയിച്ചു കൊണ്ട് താങ്കൾക്ക് ലെറ്റർ എങ്കിലും അയക്കണമെന്ന് എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു.എന്നാൽ എനിക്ക് ലഭ്യമാക്കിയ വോട്ടർ പട്ടികയിലെ പകുതിയിലേറെ അഡ്രസ്സുകളും അപൂർണ്ണമായിരുന്നു. അപൂർണ്ണമായ അഡ്രസ്സുകളിലേക്ക് കത്തയച്ചാൽ അത് നിങ്ങൾക്ക് ലഭിക്കില്ല എന്ന കാര്യം ഉറപ്പായതിനാൽ ആ സാഹസത്തിനു ഞാൻ മുതിർന്നില്ല.

കെഎൻഇറ്റിയുടെ ബഹുമാന്യരായ ഭരണസമിതി അംഗങ്ങൾ ഒരു സ്ഥാനാർത്ഥി എന്ന നിലയിൽ എന്റെ കണ്ണുകൾ ബന്ധിച്ചു; അതിനാൽ എനിക്ക് താങ്കളെ നേരിട്ട് കാണുവാൻ കഴിഞ്ഞില്ല. എന്റെ വായ് താഴിട്ടുപൂട്ടി; അതിനാൽ താങ്കളോട് നേരിട്ട് വോട്ട് അഭ്യർത്ഥിക്കുവാൻ കഴിഞ്ഞില്ല. എന്റെ കൈകൾ ബന്ധിക്കപ്പെട്ടു; അതിനാൽ താങ്കളെ കത്തുമുഖേന ബന്ധപ്പെടുവാനും കഴിഞ്ഞില്ല. അത് എന്റെ ഭാഗത്തുനിന്നു വന്ന തെറ്റാണെങ്കിൽ താങ്കളോട് വീണ്ടും ഞാൻ ക്ഷമ ചോദിക്കുന്നു.

സ്നേഹപൂർവ്വം
**ഫ്രാൻസീസ് എം.ജെ. Sl.No.4** (97429 92434)
**കെഎൻഇറ്റി ഓർഡിനറി മണ്ഡലത്തിലെ സ്ഥാനാർത്ഥി.**

# ഒരു വർഷം കൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിച്ച് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി

പ്രവർത്തനം ആരംഭിച്ചിട്ട് ഒരു വർഷം പൂർത്തിയാകുമ്പോൾ സ്വപ്ന സമാനമായ പദ്ധതികൾ നടപ്പിൽ വരുത്തി അത്ഭുതം സൃഷ്ടിച്ചിരിക്കുകയാണ് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി. കൂട്ടായ്മയുടെ ഒത്തൊരുമ കൊണ്ട് ഒരു സാമൂഹിക സംഘടനക്ക് എന്തെല്ലാം ചെയ്യാൻ കഴിയും എന്ന് തങ്ങളുടെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ തെളിയിച്ചുകഴിഞ്ഞു കേരള സമാജം ചാരിറ്റബിൾ സൊസൈറ്റിയിലൂടെ ഒരു പറ്റം മലയാളികൾ.

ബാംഗ്ലൂർ കേരള സമാജത്തിന്റെ പ്രവർത്തനങ്ങളിലെ താളപ്പിഴകളിൽ പ്രതിക്ഷേധിച്ച് കേരള സമാജം ഈസ്റ്റ് സോൺ പ്രവർത്തകർ ഒറ്റക്കെട്ടായി കേരള സമാജത്തിന്റെ പടിയിറങ്ങുമ്പോൾ സാമൂഹിക പ്രവർത്തന രംഗത്ത് മലയാളി വിജയഗാഥയുടെ തുടക്കം കുറിക്കലാകുമെന്ന് അധികമാരും കരുതിയിരുന്നില്ല.

എന്നാൽ എല്ലാവരേയും അത്ഭുത സ്തംബ്ദരാക്കി കൊണ്ട് ഒരുപക്ഷെ രാജ്യത്തെ തന്നെ ആദ്യ സംരംഭമായ കാൻസർ കെയർ ഓൺ വീൽ എന്ന എല്ലാവിധ കാൻസറുകളേയും മുൻകൂട്ടി കണ്ടുപിടിക്കുവാൻ കഴിയുന്ന സമ്പൂർണ്ണ മൊബൈൽ ലാബ് യൂണിറ്റിനെ 2018 ഫെബ്രുവരി 25ന് പുറത്തിറക്കി കൊണ്ട് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റിയുടെ ഉദ്ഘാടനം നടത്തി ആരോഗ്യ മേഖലയിൽ സാമൂഹിക സേവനത്തിന്റെ ഒരു പുതിയ പാത തുറക്കുവാൻ കഴിഞ്ഞു. ഇന്ന് ബെംഗളൂരുവിലെ കാൻസർ ചികിത്സ രംഗത്തെ പ്രമുഖ ഹോസ്പിറ്റലുകളുമായി സഹകരിച്ചുകൊണ്ട് ശ്രദ്ധേയമായ പ്രവർത്തനമാണ് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി നടത്തിവരുന്നത്.




**കേരള സമാജം ചാരിറ്റബിൾ സൊസൈറ്റിയുടെ കാൻസർ കെയർ ഓൺ വീൽ പദ്ധതി വഴി നടത്തുന്ന കാൻസർ നിർണ്ണയ ക്യാംമ്പ്**

പ്രാരംഭ ദശയിൽ തന്നെ കാൻസറിന്റെ എല്ലാവിധ വകഭേദങ്ങളും കണ്ടെത്തുവാനുള്ള ശാസ്ത്ര സാങ്കേതിക വിദ്യയുടെ അത്യന്താധുനിക ഉപകരണങ്ങൾ മൊബൈൽ യൂണിറ്റിൽ സ്ഥാപിച്ച് ജനങ്ങളുടെ അടുത്തേക്കു പോയി രോഗ സാധ്യത ഉള്ളവരെ കണ്ടെത്തി ചികിത്സ ആരംഭിക്കുന്ന സംരംഭം രാജ്യത്ത് പ്രമുഖ കാൻസർ ഹോസ്പിറ്റലുകളിൽ പോലും ഇല്ലെന്നിരിക്കെയാണ് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റിയുടെ കാൻസർ കെയർ ഓൺ വീൽ സംരംഭം ശ്രദ്ധേയമാകുന്നത്. ഹോസ്പിറ്റലുകളിൽ ഏതാണ്ട് 15000ത്തോളം രൂപ ചിലവ് വരുന്ന പരിശോധന തികച്ചും സൗജന്യമായിട്ടാണ് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റിയുടെ മൊബൈൽ യൂണിറ്റിലൂടെ ചെയ്യുന്നതെന്നതാണ് ഏറ്റവും ശ്രദ്ധേയം.

കാൻസർ രോഗം ആരംഭ ദശയിൽ തന്നെ നിർണ്ണയിക്കുന്നതിനുള്ള ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ പൂർണ്ണമായും വികസിപ്പിച്ചെടുത്ത ലാബട്ടറി സംവിധാനത്തോടുകൂടിയ മൊബൈൽ യൂണിറ്റാണ് കാൻസർ കെയർ ഓൺവീൽ. പ്രാരംഭ ദശയിലുള്ള കാൻസർ കണ്ടെത്തുന്നതിനായി ഹോർമോൺ വ്യതിയാനങ്ങൾ കണ്ടെത്തുന്നതിനുള്ള അനലൈസറായ വിഡാസ് രക്ത പരിശോധനക്കുള്ള ഹെമിറ്റോളജി അനലൈസർ ശരീരകോശങ്ങളിലെ താപവിതിയാനങ്ങൾ കണ്ടെത്തി രോഗനിർണ്ണയം നടത്തുന്ന ഇൻഫ്രാറെഡ് തെർമൽ ഇമാജിങ് സിസ്റ്റം തുടങ്ങി ഒരു കോടിയിലേറെ ചിലവ് വരുന്നതും ഫലനിർണ്ണയം തികച്ചും കംപ്യൂട്ടറൈസ്ഡ് ആയതുമായ ആധുനിക ടെക്നോളജിയുടെ ഈ സഞ്ചരിക്കുന്ന സമ്പൂർണ്ണ കാൻസർ നിർണ്ണയ യൂണിറ്റിൽ ഘടിപ്പിച്ചിരിക്കുന്ന ഉപകരണങ്ങളെല്ലാം ഇറക്കുമതി ചെയ്തതാണ്. സന്നദ്ധ സംഘടനകളുടെ താൽപര്യമനുസരിച്ച് ആസൂത്രണം ചെയ്യുന്ന കാൻസർ നിർണ്ണയ പരിശോധന ക്യാംപുകളിൽ മൊബൈൽ യൂണിറ്റുമായി ചെന്ന് തികച്ചും സൗജന്യമായിട്ട് കാൻസർ നിർണ്ണയ പരിശോധന നടത്തുകയാണ് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി. ഇക്കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പത്തോളം ക്യാംപുകൾ നടത്തുവാൻ സൊസൈറ്റിക്ക് കഴിഞ്ഞു. ബെംഗളൂരു നഗരസഭക്കു കീഴിലുള്ള എല്ലാ ശുചീകരണ തൊഴലാളികളിലും കാൻസർ നിർണ്ണയ പരിശോധന നടത്തുവാൻ ബിബിഎംപിയുടെ ആവശ്യാനുസരണം കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി തയ്യാറെടുപ്പ് നടത്തിവരുകയാണ്. കാൻസർ കെയർ ഓൺ വീലിനേപറ്റി കേട്ടറിഞ്ഞ കേരള ആരോഗ്യമന്ത്രി ശൈലജ ടീച്ചർ കാൻസർ കെയർ ഓൺ വീലിന്റെ സേവനം കേരളത്തിലേക്കും ആവശ്യപ്പെട്ടു കഴഞ്ഞു.

കാൻസർ ഒരു മാരക രോഗമല്ലെന്നും പ്രാരംഭ ഘട്ടത്തിലുള്ള രോഗനിർണ്ണയം സാദ്ധ്യമാക്കിയാൽ ഏത് കാൻസർ രോഗത്തേയും പൂർണ്ണമായും സുഖപ്പെടത്തുവാൻ കഴിയുമെന്നും വൈദ്യശാസ്ത്രം ഉറപ്പു നൽകുന്നുണ്ട്. രോഗം വഷളാകുമ്പോളായിരിക്കും പലപ്പോഴും രോഗനിർണ്ണയം സാധ്യമാകുന്നത്. ഇതുകൊണ്ടാണ് കാൻസറിനെ ഭയത്തോടെ സമൂഹം കാണുന്നത്. ഇതിനൊരു അറുതി വരുത്തുകയാണ് കേരളസമാജം ചാരറ്റബിൾ സൊസൈറ്റി കാൻസർ കെയർ ഓൺ വീൽ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ശ്രമിക്കുന്നത്.

അഞ്ച് നിർദ്ധന രോഗികളുടെ ഒരു മാസത്തെ ഡയാലിസിസ് ചിലവുകൾ പൂർണ്ണമായും ഏറ്റെടുത്തുകൊണ്ട് 2017 നവംബറിൽ പ്രവർത്തനം ആരംഭിച്ച കേരള സമാജം ചാരിറ്റബിൾസൊസൈറ്റി നിർദ്ധനർക്ക് സൗജന്യ നിരക്കിൽ സേവനം ലഭ്യമാക്കുന്നതിനായി ആംബുലൻസ് സർവ്വീസും ഡയാലിസിസ് യൂണിറ്റും സ്ഥാപിച്ചുകൊണ്ട് ആരോഗ്യ രംഗത്ത് മറ്റൊരു ചുവടുവെപ്പുമായി ഒന്നാം വാർഷികം ആഘോഷിക്കുവാനുള്ള ഒരുക്കത്തിലാണ്.

സ്പന്ദനം–2019 എന്ന പേരിൽ ഏപ്രിൽ 28ന് ഞായറാഴ്ച ഹെന്നൂർ മെയിൻ റോഡിലെ കാംപസ് ക്രൂസേഡ് ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ഒന്നാം വാർഷികാഘോഷ ചടങ്ങിൽ വച്ച് ആംബുലൻസ് സർവ്വീസിസും പുതിയതായി തുടങ്ങിയ ഡയാലിസിസ് യൂണിറ്റും കേരള ആരോഗ്യ മന്ത്രി കെ.കെ ശൈലജ ടീച്ചർ ഉത്ഘാടനം ചെയ്തു, കർണ്ണാടക നഗരവികസന മന്ത്രി കെ.ജെ ജോർജ് പ്രശസ്ത സിനിമാ നടൻ ജഗദീഷ് തുടങ്ങി രാഷ്ട്രീയ സാംസ്കാരിക മേഖലകളിലെ പ്രമുഖർ ആ യോഗത്തിൽ പങ്കെടുത്തിരുന്നു.

വിദ്യാഭ്യാസ മേഖലകളിലും മറ്റ് സാമൂഹിക സാംസ്കാരിക രംഗത്തും പ്രവർത്തിക്കുന്ന നിരവധി സംഘടനകൾ മലയാളികളുടേതായി ബെംഗളൂരു മഹാനഗരത്തിൽ ഉണ്ട്. എന്നാൽ ഏകദേശം 10ലക്ഷത്തിലേറെ മലയാളികൾ താമസിക്കുന്ന നഗരത്തിൽ ആതുരസേവന രംഗത്ത് പ്രവർത്തിക്കുന്ന മലയാളി സംഘടനകൾ വിരളമാണ്. ആതുരമേഖല വ്യവസായവത്കരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ വിദഗ്ധ ചികിത്സ ലഭ്യമാക്കുക എന്നത് നഗരത്തിലെ സാധാരണക്കാർക്ക് അചിന്തനീയമായി മാറിയിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ പൂർണ്ണമായും ആരോഗ്യരംഗത്ത് ശ്രദ്ധ പുലർത്താനാണ് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി ഉദ്ദേശിക്കുന്നത്. സർവ്വ സൗകര്യങ്ങളോടും കൂടിയ ആതുരാലയം നിർമ്മിക്കുക എന്നതാണ് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റിയുടെ ആത്യന്തിക ലക്ഷ്യം. അതിലേക്കുള്ള ആദ്യ ചുവടുവെപ്പ് എന്ന നിലയിൽ അധികം താമസിക്കാതെ തന്നെ നഗരത്തിൽ ഒരു ക്ലിനിക്ക് ആരംഭിക്കുന്നതിനുള്ള പരിശ്രമത്തിലാണ് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി പ്രവർത്തകർ.

ആരോഗ്യ രംഗത്തേക്കു മാത്രമല്ല സൊസൈറ്റിയുടെ കാരുണ്യത്തിന്റെ കരങ്ങൾ നീളുന്നത്. കേരളം പ്രളയ ജലത്തിൽ മുങ്ങിതാണനാളുകളിൽ കേരളത്തിലും കർണ്ണാടകത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി സൊസൈറ്റി പ്രവർത്തകർ മുൻപന്തിയിൽ തന്നെ ഉണ്ടായിരുന്നു. പത്തിലേറെ ലോറികൾ നിറയെ ദുരിതാശ്വാസ സാമഗ്രികളുമായി കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ദുരിത മേഖലകളിൽ എത്തുവാൻ സമാജം പ്രവർത്തകർക്ക് കഴിഞ്ഞു. കുടകു മേഖലകളിലേക്കും രണ്ടു ലോഡ് സാമഗ്രികളുമായി സമാജം പ്രവർത്തകരുടെ കാരുണ്യ സ്പർശം നീണ്ടു.

ബെഗളൂരുവിലെ ഗവർമ്മെന്റ് സ്കൂളുകളിലെ നിർദ്ധനരായ വിദ്യാർത്ഥികളും കേരള സമാജം ചാരിറ്റബിൾ സൊസൈറ്റിയുടെ കാരുണ്യസ്പർശം അനുഭവിച്ചറിഞ്ഞവരാണ്. കുട്ടികൾക്കുള്ള പുസ്തകളും പഠനോപകരണങ്ങുളുമായി അവർ അശരണരുടെ ഇടയിലേക്ക് കടന്നുചെന്നത് ഏറെ ശ്രദ്ധിക്കപ്പെട്ടു.

കിഡ്വായി ഹോസ്പിറ്റലുമായി ബന്ധപ്പെട്ടു നടത്തിയ രക്തദാന ക്യമ്പുകൾ ജീവദാനത്തിന്റെ ധാരയായി മാറി. ഇതുകൂടാതെ സംഘടിപ്പിച്ച ആരോഗ്യ ബോധവത്കരണ ക്യാമ്പുകൾ ഒട്ടേറെ പേർക്ക് ഉപകാരപ്രദമായിരുന്നു. സമൂഹത്തിന്റെ താഴെതട്ടിൽ നടത്തിയ ഇത്തരം പ്രവർത്തനങ്ങളിൽ നിന്നു കിട്ടിയ പ്രചോദനത്തിൽ നിന്നാണ് ആംബുലൻസ് സർവ്വീസിന്റെ ആവശ്യകതയിലേക്ക് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി പ്രവർത്തകർ എത്തപ്പെട്ടത്. പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ മറ്റൊരു സംഘടനക്കും സ്വപ്നം കാണുവാൻ പോലും കഴിയാത്ത ജീവകാരുണ്യ പ്രവർത്തനങ്ങളാണ് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി സംഘടിപ്പിച്ചത്. ഇതാകട്ടെ സമാജത്തിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ തുടക്കം മാത്രമാണ്. ബെംഗളൂരുവിൽ മലയാളികളുടേതായ ഒരു സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുക എന്ന ബൃഹത് പദ്ധതിയുമായി മുന്നോട്ടുപോവുകയാണ് കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി പ്രവർത്തകർ.




**നിർദ്ദനർക്ക് സഹായമായി കേരള സമാജം ചാരിറ്റബിൾ സൊസൈറ്റി ആരംഭിച്ച ആംബുലൻസ്**

RNI Regd.No. KAR/MAL/15090/2004. Printed and Published by Francis M.J , Co.Office: No.41, 3rd Cross, New Thippasandra, Bengaluru - 75, Editor: Francis M.J, Mob: +91 97429 92434
Email: pravasabhumi@gmail.com, Online News Portal: www.pravasabhumi.com